# സഭാചന്ദ്രിക

(മാസത്തിൽ രണ്ടു തവണ)

ആലുവാ തൃക്കുന്നത്ത് സിമ്മനാരിയിൽനിന്നും

Licence No 570. Dated 3rd April 1948. Registered No. T. 179.

പുസ്തകം 1 — 1124 വൃശ്ചികം 29 — ലക്കം 16


"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു് കഴിഞ്ഞുപോയി, ഇതാ, അതു് പുതുതായിതീർന്നിരിക്കുന്നു".

2 കോരിന്ത്യർ 5:17.

## വിഷയവിവരം.

(ലേഖകന്മാരുടെ അഭിപ്രായത്തിനു് പത്രാധിപർക്കു് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.)


പേജു്.

കവർപേജുകൾ: പ്രതിദിനവേദവായനക്കുറിപ്പു്, ചികിത്സ, സമുദായവാർത്തകൾ, വിദ്യാർത്ഥികൾ നിരാശപ്പെടേണ്ട, പിരിവുലിസ്റ്റ്, വരിസംഖ്യ തന്നവരുടെ ലിസ്റ്റ് 2, 3, 4.

1. പരിശുദ്ധപിതാവായ മാർ അത്താനാസ്യോസ് (Fr. V. C. Gheevarghese B. A.) .... .... 301.
2. ഞായറാഴ്ചതോറും നാം വിശുദ്ധകുർബ്ബാനയിൽ സംബന്ധിക്കണം (ചിന്തകൻ) .... .... 304.
3. പ്രാർത്ഥനാജീവിതം (തുടർച്ച) .... .... .... .... 306.
4. സമാഗമനകൂടാരം (ഡോക്ടർ കെ. വി. കുര്യൻ.) .... .... .... .... 309.
5. ക്രിസ്തീയ ലഘു തത്വോപദേശങ്ങൾ (തുടർച്ച) .... .... ... .... 309.
6. പദ്യങ്ങൾ: 1) എന്റെ പരിശുദ്ധമാതാവിനോടു്. 2) കല്യാണവിരുന്നിൽ. 3) ഞാനിതാ കമ്പിടുന്നേൻ. 4) സാറായുടെ വിലാപം. 5) യേശുതന്നെ ആശ്രയം.... .... .... 311–313.
7. വി: പൗലോസിന്റെ ജീവചരിത്രം (തുടർച്ച) (നെടുന്തള്ളിൽ ഗീവറുഗീസ് കത്തനാർ.) .... 313.
8. ചോദ്യോത്തരപംക്തി .... .... .... .... .... 316.
9. വീട്ടമാമോദീസ്സാ .... .... .... .... .... 317.
10. നമ്മുടെ ചില പള്ളി രജിസ്റ്ററുകൾ (തുടർച്ച) (Kottalil A. Abraham, Advocate) .... .... 318.
11. ബാലപംക്തി .... .... .... .... .... 318.
12. ക്രിസ്തുവും ആധുനികലോകവും .... .... .... .... .... 319.



വരിസംഖ്യ ഒരാണ്ടത്തേക്കു് അഞ്ചൽമാർഗ്ഗം 6 ക. — തപാൽമാർഗ്ഗം 7 ക.

വരിസംഖ്യ തരാതെയും വി. പി. നിഷേധിച്ചും ഞങ്ങളോടു് സഹകരിക്കാത്തവർക്കു് ഇനിമുതൽ മാസിക അയക്കുന്നില്ല. മേലാൽ മാസിക വേണ്ടവർ വി. പി. അയക്കാൻ ആവശ്യപ്പെട്ടു് എഴുതണം. 6 മാസത്തെ മാത്രം വരിസംഖ്യ തന്നവർ ബാക്കി ഉടനെ അയച്ചുതരണമെന്നപേക്ഷ.

## ദിവസേന ഉപയോഗിപ്പാനുള്ള വേദവായന ഭാഗങ്ങൾ.

(1948 കോനൂൻ ക്ദീം (ധനു) 16—31; 1124 ധനു 15—30; 1948 ഡിസംബർ 29 ജനുവരി 13.)

| ദിവസം | സുറി. | മല. | ഇം. | |
|---|---|---|---|---|
| ബുധൻ | 16 | 15 | 29 | ഏശാ. 45: 18—46:2. |
| വ്യാഴം | 17 | 16 | 30 | 1 പത്രോ. 2: 1—10. |
| വെള്ളി | 18 | 17 | 31 | മാർ തോമാശ്ലീഹാ പുറജാതിക്കാരാൽ അസ്ത്രമേററതിൻെറ ഓർമ്മ മത്താ. 9: 36—10:5. |
| ശനി | 19 | 18 | 1 | ഗലാ. 1: 11—24. |
| ഞായർ | 20 | 19 | 2 | ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച മത്താ. 1: 1-17. അഗ്നിമയനും സഹദായുമായ അന്ത്യോഖ്യായുടെ മാർ ഇഗ്നാത്യോസിൻെറ ഓർമ്മ. |
| തിങ്കൾ | 21 | 20 | 3 | മാർ തോമാശ്ലീഹാ മരണംപ്രാപിച്ചതിൻെറ ഓർമ്മ ലൂക്കോ. 6: 12-23. |
| ചൊവ്വ | 22 | 21 | 4 | ആദ്യപു. 46: 8—27. |
| ബുധൻ | 23 | 22 | 5 | 1 രാ. 9: 3—7. |
| വ്യാഴം | 24 | 23 | 6 | ഏശാ. 7: 14—15; 11: 1—9. |
| വെള്ളി | 25 | 24 | 7 | കർത്താവിൻെറ ജനനപ്പെരുന്നാൾ മത്താ. 2: 1—12. |
| ശനി | 26 | 25 | 8 | ദൈവമാതാവിൻെറ പുകഴ്ചയുടെ പെരുന്നാൾ [ലൂക്കോ. 8. 16—21.] |
| ഞായർ | 27 | 26 | 9 | ശിശുവധപെരുന്നാൾ ജനനപ്പെരുന്നാളിനുപിമ്പ് ഒന്നാമത്തെ ഞായറാഴ്ച ലൂക്കോ. 2: 39—52. |
| തിങ്കൾ | 28 | 27 | 10 | മർക്കോ. 6: 1—6. |
| ചൊവ്വ | 29 | 23 | 11 | സ്കറിയാ 8: 3—3. |
| ബുധൻ | 30 | 29 | 12 | 1 പത്രോ. 5: 5—11. |
| വ്യാഴം | 31 | 30 | 13 | ലൂക്കാ. 2: 40—52 |

## മുടിരോഗങ്ങളും ചികിത്സാവിധികളും

Dr. V. P. Varghese, Koothattukulam.

### മുടിയിൽ കറുത്ത പുല്ലരികൾ കോർത്ത് ഇട്ടിരിക്കുന്നതു പോലെ അഴുക്ക പിടിക്കുന്നതിനു

### എണ്ണ

കയ്യുണ്യം വെള്ളം തളിച്ച് ഇടിച്ചുപിഴിഞ്ഞ നീര് നാലിടങ്ങഴി; ഇരുനാഴി വെളിച്ചെണ്ണയും ചേർത്ത് ആവണക്കിൻ വേരിന്മേൽതൊലി, തകരം, ചതകുപ്പ, അടപൊതിയൻ കിഴങ്ങ്, അരത്ത, ഇരട്ടിമധുരം, വിഴാലരി, കയ്യുണ്യവേര്, ചുക്ക്, ഇരട്ടിമധുരം ഇവ ഒന്നേകാൽ കഴഞ്ചു വീതം അരച്ചുകലക്കി വെളിപ്പാകത്തിൽ ഒരിടങ്ങഴി പാലുംചേർത്ത് കാച്ചി അരക്കുപാകം അരിക്കണം. അഞ്ജനക്കല്ല് ഒരു കഴഞ്ച് പാത്രപാകം ചേർക്കണം. ഈ എണ്ണ മുടിയിൽ തേച്ച് കരന്തോട്ടിയിലയൊ കൊടിഞ്ഞാലിയൊ താളി തേയ്ക്കണം. മുടി നന്നായി ഉണക്കിയതിനുശേഷം നല്ല ചീപ്പുകൊണ്ട് മുടി ചീകണം. ഇങ്ങനെ ഒരാഴ്ച ശീലിച്ചാൽ മുടിയിൽ പിടിച്ചിരിക്കുന്ന അഴുക്ക് ഇളകിപ്പോകും. മുടിക്ക് നല്ല നിറവും തലക്ക് നല്ല കുളുർമ്മയും കിട്ടും.

### തലമുടി വളരുവാൻ എണ്ണ.

താമരയല്ലി ഇടിച്ചുപിഴിഞ്ഞ നീര് ഒരിടങ്ങഴി; ഒലിവെണ്ണ നാഴി; രാമച്ചം, ചന്ദനം, അഞ്ജനക്കല്ല്, മുത്തങ്ങാക്കിഴങ്ങ് ഇവ ഒന്നര കഴഞ്ചുവീതം കല്ക്കം; കാച്ചി അരിച്ച് തേയ്ക്കണം. മുടിക്ക് നല്ല വളർച്ച കിട്ടും.

## സിദ്ധൌഷധ വിധികൾ

### തലവേദന.

താഴെ പറയുന്ന വിധികളെല്ലാം തലവേദന ശമിപ്പിക്കുന്നതിനുള്ളതാണ്.

ഇഞ്ചിനീരും മുലപ്പാലും സമംചേർത്ത് ആറു തുള്ളിവീതം മൂക്കിൽ ഒഴിക്കണം.

വാതക്കൊടിയുടെ വേരിന്മേൽതൊലി ചതച്ച് കിഴികെട്ടി മൂക്കിൽ വലിക്കുക.

കുങ്കുമപ്പൂവ് മുലപ്പാലിൽ അരച്ച് ആറു തുള്ളിവീതം കാലത്തും വൈകീട്ടും മൂക്കിൽ ഒഴിക്കണം.

ഞെരിഞ്ഞൽപുളികിഴങ്ങ് അരിഞ്ഞിട്ട് എണ്ണ മുറുക്കി തലയിൽ വയ്ക്കുക.

കിലുകിലുപ്പ ഇല ഇടിച്ചുപിഴിഞ്ഞ് അരിച്ചെടുത്ത നീര് എണ്ണയുടെ ഇരട്ടി; കിലുകിലുപ്പവേര് ഒരു ഉടം എണ്ണക്ക് ഒരു കഴഞ്ച് വീതം കല്ക്കം. പാത്രപാകം അഞ്ജനക്കല്ല് കർപ്പൂരം ഇവ. നെറുകയിൽ വയ്ക്കുകയും നെററിയിൽ പുരട്ടുകയും ചെയ്യണം.

ചുക്കും കർപ്പൂരവും സമം മുലപ്പാലിൽ അരച്ചു കലക്കി തുണി മുക്കി തോരെ തോരെ നെററിയിൽ ഇടണം.

ചെറുവഴുതിനയുടെ ഇല ഇടിച്ചുപിഴിഞ്ഞ നീര് കാലിൻെറ പെരുവിരലിൽ 1 മണിക്കൂർ ധാര കോരണം. വേദനയില്ലാത്ത വശത്തെ കാലിൻെറ വിരലിലാണ് ധാര കോരേണ്ടത്. സൂര്യോദയത്തിന് മുൻപായിരിക്കണമെന്ന് നിർബ്ബന്ധമുണ്ട്.

# പരിശുദ്ധ പിതാവായ മാർ അത്താനാസ്യോസ്.

(Fr. V. C. Gheevarghese, B. A.)

വിശുദ്ധ നിഖ്യാ സുന്നഹദോസിൽ വളരെ വിശുദ്ധന്മാർ ഉണ്ടായിരുന്നുവെന്നുള്ളതു് വിസ്മരിക്കാൻ പാടില്ലാത്ത കാര്യമാണ്. എന്നാൽ നിഖ്യാ സുന്നഹദോസിനു് സഭാചരിത്രത്തിലും ഉപദേശസത്യത്തിലും ശാശ്വതമായ ഒരു സ്ഥാനം സമ്പാദിച്ചുകൊടുത്തതു് വി: അത്താനാസ്യോസ് ആയിരുന്നു. ഇദ്ദേഹം അലക്സന്ത്രിയായിലെ മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായിരുന്നു. വി: പൌലോസ് ശ്ലീഹാ കഴിഞ്ഞാൽ നാലു നൂററാണ്ടുകൾക്കുള്ളിൽ ക്രിസ്തീയവിശ്വാസത്തെക്കുറിച്ച് ഇത്ര സൂക്ഷ്മജ്ഞാനവും, അതിനുവേണ്ടി പോരാടുകയും കഷ്ടപ്പെടുകയും ചെയ്യുന്നതിൽ ഇത്ര ധൈര്യവും സ്ഥിരതയുമുള്ളവനായി മററാരാൾ ഉണ്ടായിട്ടില്ല. വിശ്വാസ സംരക്ഷകൻ എന്ന പ്രശസ്ത നാമം ഇദ്ദേഹത്തിനു് വളരെ യോജിച്ചതാണ്.

297-ാമാണ്ട് അലക്സന്ത്രിയായിൽ അദ്ദേഹം ജനിച്ചു. ചെറുപ്പം മുതല്ക്കെ വി: വേദപഠനത്തിൽ മാതാപിതാക്കന്മാർ അദ്ദേഹത്തെ താല്പര്യപ്പെടുത്തി. അന്നത്തെ അലക്സന്ത്രിയാ പട്ടണംതന്നെ ഒരു വിജ്ഞാനകേന്ദ്രമായിരുന്നതിനാൽ അവിടെയുള്ള ജീവിതംതന്നെ ജ്ഞാനസമ്പാദനത്തിനു് വളരെ സഹായകമായിരുന്നു. അത്താനാസ്യോസ് വളർന്നുവന്നപ്പോൾ അദ്ദേഹത്തെ അലക്സന്ത്രിയായിലെ മെത്രാപ്പോലീത്തായുടെ എഴുത്തുകാരനും സെക്രട്ടറിയുമായി നിയമിക്കുകയും ചെയ്തു.

അക്കാലത്തു് മിസ്രയിമിൽ ധാരാളം ക്രിസ്തീയ സന്യാസിമാരുണ്ടായിരുന്നു. അവരുമായുണ്ടായ പരിചയം അദ്ദേഹത്തിനു് പല ഗുണങ്ങളും ഭാവിജീവിതത്തിൽ ഉളവാക്കി. സുപ്രസിദ്ധനായ വലിയ മാർ അന്തോനിയോസ് എന്ന പരിശുദ്ധ സന്യാസശ്രേഷ്ഠനൊരുമിച്ച് കുറെനാൾ ജീവിച്ചതായും പറയപ്പെടുന്നു.

ചെറുപ്പത്തിൽതന്നെ അത്താനാസ്യോസ് പുസ്തകരചനയിൽ വളരെ ഔത്സുക്യം പ്രദർശിപ്പിച്ചു. അദ്ദേഹത്തിൻെറ പ്രസിദ്ധിക്ക് കാരണമായതു്, നിഖ്യാസുന്നഹദോസിൽ സംബന്ധിച്ചതു നിമിത്തമാണ്. അതിനാൽ നിഖ്യാ സുന്നഹദോസിനെ സംബന്ധിച്ചുള്ള ചില കാര്യങ്ങൾ അറിഞ്ഞാലെ അത്താനാസ്യോസിൻെറ ജീവചരിത്രം ശരിയായി നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു.

ഇന്നു് നാം ഉപയോഗിച്ചുവരുന്ന നിഖ്യാ വിശ്വാസപ്രമാണം അന്നുണ്ടായിരുന്നില്ല. അതിനാൽ പൊതുവെ സ്വീകരിക്കപ്പെടുന്ന ഒരു വിശദീകരണം ആവശ്യമായിത്തീർന്നു. വി: ത്രിത്വത്തെ സംബന്ധിച്ചുള്ള വാഗ്വാദങ്ങളും വഴക്കുകളും അക്കാലത്തുണ്ടായി. അവയുടെ ഫലമായി ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന നിഖ്യാ വിശ്വാസപ്രമാണത്തിൽ വി: ത്രിത്വത്തെക്കുറിച്ച് വ്യക്തമായ ഉപദേശം രേഖപ്പെടുത്തി. ഈ വിശ്വാസ സത്യത്തെ ക്രോഡീകരിച്ചവരിൽ പ്രഥമഗണനീയൻ അത്താനാസ്യോസ് ആയിരുന്നുവെന്നു് പറയാവുന്നതാണ്.

അലക്സന്ത്രിയായിൽ അറിയൂസ് എന്ന ഒരു പട്ടക്കാരൻ ഉണ്ടായിരുന്നു. അയാൾ യേശുമ്ശീഹാക്കു ദൈവത്വത്തിൽ പിതാവിനേക്കാൾ താണ ഒരു നിലമാത്രമെയുള്ളു എന്നും, പുത്രൻ പിതാവിനേക്കാൾ പിൻപനാകയാൽ ഒരു സൃഷ്ടിയാണെന്നും സാരാംശത്തിൽ പിതാവും പുത്രനും തമ്മിൽ വ്യത്യാസമുണ്ടെന്നും പഠിപ്പിച്ചു. പുത്രൻ സൃഷ്ടിയിൽ മുമ്പനാകയാൽ ദൈവത്തോടൊന്നിച്ച് സൃഷ്ടിയിൽ സഹകരിച്ചുവെന്നും, പുത്രനെ ആരാധിക്കുന്നതിൽ തെററില്ലെന്നും പഠിപ്പിച്ചു. ദൈവത്തിനുള്ള നിത്യത്വം പുത്രനുമുണ്ടെന്നു് അയാൾ സമ്മതിച്ചില്ല. അലക്സന്ത്രിയായിലെ മെത്രാപ്പോലീത്താ അറിയൂസിനെ രഹസ്യമായി വിളിപ്പിച്ച് അയാൾ പഠിപ്പിക്കുന്നതു തെററാണെന്നും അതിനാൽ തിരുത്തി പഠിപ്പിക്കണമെന്നും ഉപദേശിച്ചു. എന്നാൽ അറിയൂസ് അതു വകവയ്ക്കാതെ അയാളുടെ ഉപദേശം, പാട്ടുകൾ മുഖാന്തിരമായും മററും പൊതുജനങ്ങളുടെയിടയിൽ നടപ്പാക്കി. അതിനാൽ അലക്സന്ത്രിയായിലെ മെത്രാപ്പോലീത്താ ആ പ്രവിശ്യയിലുള്ള മററു മെത്രാന്മാരുടെ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടുകയും അറിയൂസിൻെറ ഉപദേശം തെററാണെന്നും അയാൾ അതിൽനിന്നും പിന്തിരിയാത്തപക്ഷം അയാളെ സഭയിൽനിന്നും മുടക്കണമെന്നും തീരുമാനിച്ചു.

അറിയൂസ് കേസറിയായിലേയും നിക്കോമിഡിയായിലേയും മെത്രാന്മാരെ കണ്ട് അവരുടെ സഹായം അഭ്യർത്ഥിച്ചു. അവർ അറിയൂസിൻെറ അഭിപ്രായത്തോട് യോജിച്ചു. ഇതിനെ തുടർന്നു് മെത്രാന്മാരും രാജാക്കന്മാരും ഓരോ ഭാഗം ചേർന്നു് ദീർഘനാളേക്ക് അസ്വസ്ഥതയും ശണ്ഠയും ഉണ്ടാക്കി. ഈ അസമാധാനകാലത്തു് കോൺസ്റ്റൻറയിൻ ചക്രവർത്തിയായി. ലോകത്തെ യോ

ജിപ്പിക്കുന്നതിന് ക്രിസ്തുമതത്തെ ഒരു മാർഗ്ഗമായി ചക്രവർത്തിക്ക് മനസ്സിലായി. അതിനാൽ സഭയിലെ ഭിന്നത മാററുന്നതിന് ചക്രവർത്തി യത്നിച്ചു. ചക്രവർത്തിയുടെ സ്നേഹിതനായിരുന്ന കോർഡോവായിലെ മെത്രാനായിരുന്ന ഹോസിയസ്സിനെ സമാധാനാലോചനയ്ക്കായി അലക്സന്ത്രിയായിലെ മെത്രാപ്പോലീത്തായുടേയും അറിയൂസിന്റെയും അടുക്കലേക്കയച്ചു. പക്ഷെ, പ്രയോജനമുണ്ടായില്ല. അതിനാൽ ചക്രവർത്തിയുടെ ചിലവിൽ അദ്ദേഹം മെത്രാന്മാരെ 325-ാമാണ്ടിൽ നിഖ്യായിൽ വിളിച്ചുകൂട്ടി. 318 മെത്രാന്മാർ അതിൽ സംബന്ധിച്ചു. വോട്ടുചെയ്യുന്നതിന് മെത്രാന്മാർക്കുമാത്രമെ അധികാരമുണ്ടായിരുന്നുള്ളുവെങ്കിലും അവരോടുകൂടി ഉണ്ടായിരുന്ന ശെമ്മാശ്ശന്മാർക്കും പ്രസംഗസ്വാതന്ത്ര്യമുണ്ടായിരുന്നു. അതുകൊണ്ട് അലക്സന്ത്രിയായിലെ മെത്രാപ്പോലീത്താക്കുവേണ്ടി അത്താനാസ്യോസ് വാദം നടത്തി.

അറിയൂസിന്റെ ഉപദേശം തെററാണെന്ന് മെത്രാന്മാർക്ക് ബോദ്ധ്യമായെങ്കിലും, അറിയൂസിനെ ഖണ്ഡിക്കുവാൻ അവരെക്കൊണ്ട് സാധിച്ചില്ല. അവസാനം അത്താനാസ്യോസ് "ഹോമോ ഔസിയോസ്സ്" അതായത് "പിതാവിനോട് ഏക സാരാംശമുള്ളവൻ" എന്ന പദം ചേർത്ത് വിശ്വാസപ്രമാണം ശരിപ്പെടുത്തുവാൻ അഭിപ്രായപ്പെട്ടു. കോർഡോവായിലെ മെത്രാപ്പോലീത്തായുടെ സ്വാധീനവും, ചക്രവർത്തിയുടെ നിർബന്ധവും ഹേതുവായി രണ്ടുപേർ ഒഴികെ എല്ലാവരും "ഹോമോ ഔസിയോസ്സ്" എന്ന പദം ഉൾപ്പെടുത്തി വിശ്വാസപ്രമാണത്തിന് ഒപ്പുവച്ചു.

സുന്നഹദോസിന്റെ തീരുമാനംകൊണ്ട് വാദങ്ങൾ അവസാനിച്ചില്ല. അതുകൊണ്ട് ആ വിശ്വാസത്തിനുവേണ്ടി അര നൂററാണ്ടോളം അത്താനാസ്യോസ് കഠിനമായി പോരാടേണ്ടിവന്നു.

326-ാമാണ്ട് അലക്സന്ത്രിയായിലെ മെത്രാപ്പോലീത്താ മരിച്ചു. അദ്ദേഹത്തിന്റെ അനുഗാമിയായി അത്താനാസ്യോസിനെ തെരഞ്ഞെടുത്തു. അന്നുമുതൽ 46-വർഷത്തേക്ക് അദ്ദേഹം അലക്സന്ത്രിയായിലെ പാത്രിയർക്കീസായിരുന്നു. അദ്ദേഹത്തെപ്പററി നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് എഴുതുന്നത് ഇങ്ങിനെയാണ്: "തന്റെ ഉന്നതമായ ചുമതലകളെ അദ്ദേഹം സൗമ്യതയോടെ നിറവേററി; വിദേശിയർക്ക് ആതിഥേയനും, യാചകരോട് കാരുണ്യവാനും, ആർക്കും സമീപിക്കാവുന്നവനും, വേഗം കോപിക്കാത്തവനും, സംഭാഷണചതുരനും, സൗമ്യനും, പ്രയോജനകരമായി പ്രവർത്തിക്കുന്നതിനും പ്രസംഗിക്കുന്നതിനും തീക്ഷ്ണതയുള്ളവനും, ധ്യാനത്തിൽ സ്ഥിരതല്പരനും, ഏതു വകുപ്പിലും പ്രായത്തിലുമുള്ള ക്രിസ്ത്യാനികൾക്ക് ആത്മസഹായിയും, ആദർശങ്ങളോടുകൂടിയ വൈദികശ്രേഷ്ഠനും, ആതുരർക്ക് ആശ്വാസപ്രദനും, വയോധികർക്ക് തുണയാളിയും, യുവാക്കന്മാർക്ക് മാർഗ്ഗദർശിയും, രോഗികൾക്ക് വൈദ്യനും, ക്രിസ്തീയ വിവാഹത്തെ താല്പര്യപ്പെടുത്തുന്നവനും, ചുരുക്കിപ്പറഞ്ഞാൽ വി: പൗലൂസ് ഒരു സഭാദ്ധ്യക്ഷനെക്കുറിച്ച് തീമോഥെയോസിന് എഴുതുമ്പോൾ, അവരിൽ കാണേണ്ടതായി പറഞ്ഞിരിക്കുന്ന സകല ഗുണങ്ങളും പ്രത്യക്ഷപ്പെടുത്തിയവനുമായിരുന്നു."

മാർ അത്താനാസ്യോസിന്റെ ഭരണകാലത്തിലെ ആദ്യത്തെ രണ്ടു സന്തോഷസംഭവങ്ങൾ പറയാം. (1) നീലനദിയുടെ ഇരുകരകളിലുമായി പല ക്രിസ്തീയ സന്യാസിമാർ ജീവിച്ചിരുന്നു. അവരെ മാർ അത്താനാസ്യോസ് സന്ദർശിച്ചു. തിബിയാസിലുള്ള സന്യാസിമാരെയാണ് ആദ്യം സന്ദർശിച്ചത്. (2) അബിസീനിയാക്കാരൻ ഒരു ഫർമൻറിയസ് അദ്ദേഹത്തെ സന്ദർശിച്ചു. ഫർമൻറിയസ്സിന്റെ പരിശ്രമഫലമായി അബിസീനിയായിൽ ഒരു സഭ ഉണ്ടായിരുന്നു. അതിന് ഒരു മെത്രാനെ കിട്ടുന്നതിനാണ് മാർ അത്താനാസ്യോസിനെ സന്ദർശിച്ചത്. ആ പ്രവിശ്യയിലെ മററു മെത്രാന്മാരുടെ സുന്നഹദോസ് വിളിച്ചുകൂട്ടി ഫർമൻറിയസ്സിനെതന്നെ അവിടത്തെ മെത്രാനായി വാഴിച്ചയച്ചു.

മാർ അത്താനാസ്യോസിന്റെ ജീവിതം വളരെ ക്ലേശഭൂയിഷ്ഠമായിരുന്നു. അറിയൂസ് പക്ഷക്കാർ അദ്ദേഹത്തെ അവരുടെ പ്രധാന ശത്രുവായി പരിഗണിച്ചു. അദ്ദേഹത്തെ അധഃപതിപ്പിക്കുന്നതിന് ശത്രുക്കൾ ഭഗീരഥശ്രമങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഇതിനുവേണ്ടി ചക്രവർത്തിയുടെ സഹകരണം ലഭിപ്പാൻ അവർ പല മാർഗ്ഗങ്ങളും സ്വീകരിച്ചു. അലക്സന്ത്രിയായിലെ മെലെത്തുസ് പക്ഷക്കാരുമായി അവർ സഖ്യത ചെയ്തു. മാർ അത്താനാസ്യോസിന്റെ പേരിൽ രാജദ്രോഹം, മന്ത്രവാദം, കൊലപാതകം ഇത്യാദി കുററങ്ങൾ ആരോപിച്ചു. ചക്രവർത്തിയുടെ വിചാരണയിൽ മാർ അത്താനാസ്യോസ് നിരപരാധിയാണെന്ന് വെളിപ്പെട്ടു. എന്നാൽ ഒരു സുന്നഹദോസിൽ മാർ അത്താനാസ്യോസിനെ വിസ്തരിക്കണമെന്ന എതിർപക്ഷക്കാരുടെ വാദത്തിന് ചക്രവർത്തി വഴിപ്പെട്ടു. എതിർകക്ഷികളുടെ കുതന്ത്രങ്ങളാൽ അവരുടെ ശക്തി പ്രബലപ്പെട്ടു. എന്നാൽ മാർ അത്താനാസ്യോസിന്റെ പേരിലുള്ള കുററത്തെ തെളിയിപ്പാൻ സാധിച്ചില്ല



എങ്കിലും അറിയൂസ്കക്ഷിയിൽ പല മെത്രാന്മാരും ചേർന്നു. മെത്രാന്മാരോട് വാദിച്ചതുകൊണ്ട് ഫലമില്ലെന്നു കണ്ടപ്പോൾ മാർ അത്താനാസ്യോസ് കുസ്തന്തീനോപ്പോലീസിൽ ചെന്ന് ചക്രവർത്തിയെ കണ്ടു. ആദ്യം ചക്രവർത്തി വിശുദ്ധന്റെ വാദം കേൾക്കുന്നതിൽ വിസമ്മതിച്ചു. അവസാനം ഒരു സുന്നഹദോസ് വിളിച്ചുകൂട്ടുന്നതിന് സമ്മതിച്ചു. ആ സുന്നഹദോസ് വിശുദ്ധനെ കുററപ്പെടുത്തി. അതിനാൽ അദ്ദേഹത്തെ ഗോളിലുള്ള ട്രിവിസിലേക്ക് നാടുകടത്തി. ട്രിവിസിലുള്ള വിശ്വാസികൾ അദ്ദേഹത്തെ സന്തോഷത്തോടെ സ്വീകരിച്ചു.

ഇങ്ങനെ ചക്രവർത്തി അറിയൂസ്പക്ഷത്തിന്റെ സ്വാധീനത്തിലാകയും മാർ അത്താനാസ്യോസ് നാടുകടത്തപ്പെടുകയും ചെയ്തപ്പോൾ അവർ സന്തോഷിച്ചു. അറിയൂസിനെ സഭയിലേക്കു സ്വീകരിച്ച് കുസ്തന്തീനോപ്പോലീസിലെ പള്ളിയിൽ ഒരു ഞായറാഴ്ച വി: കർബാന അനുഷ്ഠിക്കുന്നതിനുള്ള ക്രമീകരണവും ചെയ്തു. എന്നാൽ നിശ്ചയിച്ചിരുന്നതിന്റെ തലേദിവസം അറിയൂസ് മരിച്ചു. ആ സംഭവം എല്ലാവരുടേയും ഹൃദയത്തിൽ ഭയം ജനിപ്പിച്ചു.

337-ൽ കുസ്തന്തീനോസ് ചക്രവർത്തിയും മരിച്ചു. പക്ഷെ ഇതുകൊണ്ടൊന്നും സഭയിലെ വാദങ്ങൾ അവസാനിച്ചില്ല. 338-ൽ മാർ അത്താനാസ്യോസ് മടങ്ങി അലക്സന്ത്രിയായിലെത്തി. വീണ്ടും പീഡ വർദ്ധിച്ചതിനാൽ പ്രാണരക്ഷാർത്ഥം 340-ൽ റോമായിലേക്ക് പോയി. റോമായിലുള്ള വിശുദ്ധന്റെ താമസംമൂലം സന്യാസാദർശം പാശ്ചാത്യസഭയിൽ വേരൂന്നി. "ക്രിസ്തീയവിശ്വാസം" എന്നറിയപ്പെടുന്ന മാർ അത്താനാസ്യോസിന്റെ വിലയേറിയ പുസ്തകം അക്കാലത്ത് നിർമ്മിച്ചതാണ്.

ഇതിനുശേഷം പല പല സുന്നഹദോസുകൾ പലയിടത്തുവച്ച് കൂടി. അവയൊന്നും സഭയെ ആകമാനം പ്രതിനിധീകരിക്കുന്നവയല്ലായിരുന്നു. ഓരോ പക്ഷക്കാരുടേയും സുന്നഹദോസിൽ അവരവരുടെ അഭിപ്രായം പാസ്സാക്കിവന്നു.

349-ാമാണ്ട് കോൺസ്റ്റൻസ് ചക്രവർത്തിയുടെ ആനുകൂല്യത്താൽ മാർ അത്താനാസ്യോസ് അലക്സന്ത്രിയായിൽ വന്ന് 5-വർഷം സമാധാനത്തോടെ ഭരിച്ചു. നിഖ്യാ വിശ്വാസപ്രമാണത്തിന്റെ പ്രാധാന്യതയെ അനേകം മെത്രാന്മാരെ മനസ്സിലാക്കേണ്ടതിലേക്കായി അദ്ദേഹം അനേകം കത്തുകൾ എഴുതിക്കൊണ്ടിരുന്നു.

353-ാമാണ്ട് വീണ്ടും വിഷമതകൾ വർദ്ധിച്ചു. കോൺസ്റ്റൻസ് ചക്രവർത്തി മരിച്ചു. പിൻഗാമിയായ കോൺസ്റ്റാൻറിയസ്, അറിയൂസിന്റെ പക്ഷക്കാരനായിരുന്നു. ആ ചക്രവർത്തി മൂന്നു സുന്നഹദോസുകൾ വിളിച്ചുകൂട്ടി, മാർ അത്താനാസ്യോസിനെ കുററം വിധിക്കയും അറിയൂസിന്റെ വിശ്വാസപ്രമാണം പാസാക്കുകയും ചെയ്തു. മാർ അത്താനാസ്യോസിനുവേണ്ടി അതുവരെ വാദിച്ചിരുന്ന ഹോസിയസ്, റോമായിലെ മെത്രാനായ ലിബേറിയസ് എന്നീ പ്രധാന മെത്രാപ്പോലീത്തന്മാർ പോലും രാജശക്തിയെ ഭയന്ന് നിഖ്യാ വിശ്വാസപ്രമാണത്തെ ഉപേക്ഷിച്ചു.

355-ാമാണ്ടായപ്പോൾ സത്യത്തിനുവേണ്ടി പോരാടുന്നതിൽ മാർ അത്താനാസ്യോസ് ഏകനായിത്തീർന്നു. രാജശക്തിയും, അറിയൂസ്പക്ഷക്കാരും വിശുദ്ധന് എതിരായി. വിശുദ്ധനെ മിലാനിലേക്ക് കൊണ്ടുപോകുന്നതിന് ചക്രവർത്തിയുടെ സൈന്യങ്ങൾ അലക്സന്ത്രിയായിലെ ദൈവാലയം വളഞ്ഞു. നീതി ആരിൽനിന്നും പ്രതീക്ഷിക്കുന്നതിന് മാർഗ്ഗമില്ലാതെ വന്നപ്പോൾ സന്യാസാശ്രമങ്ങളെ ലാക്കാക്കിക്കൊണ്ട് അദ്ദേഹം ചിലരുടെ സഹായത്താൽ യാത്രചെയ്തു. ഇങ്ങനെ പട്ടാളക്കാർക്ക് പിടിപ്പാൻ സാധിക്കാഞ്ഞതിനാൽ അദ്ദേഹത്തെ പിടിച്ചേല്പിക്കുന്നവർക്ക് വലിയ സമ്മാനങ്ങൾ കൊടുക്കുന്നതാണെന്ന് ചക്രവർത്തി വിളംബരം ചെയ്തു. എങ്കിലും ആർക്കും അദ്ദേഹത്തെ പിടിപ്പാൻ സാധിച്ചില്ല. ഇക്കാലത്തും സത്യവിശ്വാസത്തെ സ്ഥാപിക്കുവാനുള്ള പുസ്തകങ്ങൾ ചമക്കുകയും, മെത്രാന്മാർക്ക് എഴുത്തുകളയക്കുകയും ചെയ്തുകൊണ്ടിരുന്നു.

361-ൽ കോൺസ്റ്റൻറയിൻ ചക്രവർത്തി മരിച്ചു. അദ്ദേഹത്തിന്റെ പിൻഗാമി ക്രിസ്തീയവിശ്വാസത്തോട് ആകമാനം വെറുപ്പുള്ളവനായിരുന്നു. അദ്ദേഹം പുരാതന കാവ്യമതത്തെ പുനരുദ്ധരിപ്പാൻവേണ്ടി സകല മതങ്ങൾക്കും സ്വാതന്ത്ര്യം നല്കി. ഈ പ്രഖ്യാപനത്താൽ മാർ അത്താനാസ്യോസ് വീണ്ടും പ്രത്യക്ഷപ്പെട്ടു. പക്ഷെ പിന്നേയും അദ്ദേഹം ഭ്രഷ്ടനാക്കപ്പെട്ടു. 363-ൽ പുറജാതി വിശ്വാസക്കാരനായ ജൂലിയൻ ചക്രവർത്തി മരിച്ചു. 366-ാമാണ്ടിൽ വീണ്ടും മാർ അത്താനാസ്യോസിന് അലക്സന്ത്രിയായിൽ വരാൻ സാധിച്ചു. പിന്നീട് ഏഴു വർഷം സമാധാനത്തോടെ പ്രവർത്തിച്ചു. യേശുമ്ശീഹാ, പിതാവിനോട് ദൈവത്വത്തിൽ ഏകനാണെന്നുള്ള സത്യവിശ്വാസം സ്ഥാപിക്കുവാൻ അദ്ദേഹം സഹിച്ച കഷ്ടപ്പാടുകൾ അവർണ്ണനീയങ്ങളായിരുന്നു. 373-ാമാണ്ട് അദ്ദേഹത്തിന്റെ സ്നേഹിതനായ പത്രോസിനെ പിൻഗാമിയായി വാഴിച്ചു. അദ്ദേഹത്തിന്റെ കാലത്ത് നിഖ്യാ വിശ്വാസപ്രമാണം പൊതുവെ സ്വീകരിക്കപ്പെട്ടുകാണുന്നതിനുള്ള ഭാഗ്യം ഉണ്ടായില്ലെ

കിലും ഇന്ന് ക്രൈസ്തവലോകത്തിന്റെ അടിസ്ഥാനവിശ്വാസമായ "യേശുക്രിസ്തു നിത്യനായ ദൈവപുത്രൻ" എന്ന നിത്യസത്യത്തിനുവേണ്ടി അനേകം കൃഷ്ട് സഹിച്ച് പോരാടി എന്ന ആത്മസംതൃപ്തിയിൽ അദ്ദേഹം സമാധാനമാനസനായി ജീവകിരീടം പ്രാപിപ്പാൻ തക്കവണ്ണം ലോകത്തെ വിട്ടു. ഇന്ന് നാമെല്ലാവരും മാർ അത്താനാസ്യോസിന്റെ വിശ്വാസപ്രമാണം സ്വീകരിക്കുന്നവരാണ്.

വിശുദ്ധന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

## പരിശീലനം സ്വഭാവമായിത്തീരണം.

ഞായറാഴ്ചതോറും നാം വി. കുർബ്ബാനയിൽ സംബന്ധിക്കണം

# വി. ദേവാലയം എന്താകുന്നു?

[ ചിന്തകൻ ]

വി. ദേവാലയം നാമെല്ലാവരും പ്രത്യാശിച്ചുകൊണ്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തിന്റെ ദൃശ്യരൂപമാകുന്നു. മരണശേഷം സ്വർഗ്ഗം പ്രാപിക്കണമെന്ന് ആഗ്രഹമില്ലാത്തവരായി നമ്മിൽ ആരുംതന്നെ ഉണ്ടാവുകയില്ല. വിശുദ്ധരായി ജീവിച്ച് ഇഹലോകത്തിൽ വെച്ചുതന്നെ സ്വർഗ്ഗാനുഭൂതിപ്രാപിച്ചെങ്കിൽമാത്രമെ മരണാനന്തരമുള്ള സ്വർഗ്ഗത്തിന് സാധാരണഗതിയിൽ ഒരുവൻ യോഗ്യനായിത്തീരുകയുള്ളു. അതിന് ഒരു ക്രിസ്ത്യാനിയെ സാമാന്യത്തിലധികം സഹായിക്കുന്നത് അവന്റെ ഇടവകപള്ളിയാകുന്നു. നമ്മുടെ ദേവാലയങ്ങളിലെ പ: ആരാധനാക്രമങ്ങൾ നമ്മുടെ കർത്താവിന്റെ ശിഷ്യന്മാരും സഹപ്രവർത്തകന്മാരുമായ ശ്ലീഹന്മാരിൽനിന്നും നേരിട്ട് ലഭിച്ചിട്ടുള്ളവയാകയാൽ അവ സ്വർഗ്ഗരാജ്യത്തിലെ സാദൃശ്യങ്ങളാണെന്നുള്ളതിന് പക്ഷാന്തരമില്ല. ആകയാൽ പ: ദേവാലയത്തോടുള്ള അടുപ്പവും അതിലുള്ള സ്നേഹപരമായ പെരുമാററവും ഒരുത്തനെ സ്വർഗ്ഗരാജ്യത്തിലെ സംസർഗ്ഗത്തിലേക്ക് അടുപ്പിക്കുന്നു. ഇവിടെ ദൃശ്യരൂപത്തിൽ നടക്കുന്ന ആരാധനതന്നെ സ്വർഗ്ഗത്തിൽ ആത്മീകാരാധനയായി തുടരുന്നു. വി. ദേവാലയത്തിലെ ആരാധനാക്രമങ്ങളിൽ പരിശീലനവും അഭിരുചിയും ഇല്ലാത്തവന് സ്വർഗ്ഗത്തിലെ ആത്മീകാരാധനയിൽ പരിശീലനവും അഭിരുചിയും ലഭിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ സ്വർഗ്ഗരാജ്യത്തെ ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നവരെല്ലാം അതിന്റെ ദൃശ്യരൂപമായ വി. ദേവാലയത്തിലെ ആരാധനാക്രമങ്ങളിൽ അഭിരുചിയുള്ളവരും ഉത്സാഹമായി പങ്കുകൊള്ളുന്നവരുമായിരിക്കണം.

### വി. ദേവാലയത്തിൽ പോകുന്ന പതിവ് ഒരു സ്വഭാവമായിത്തീരണം.

നമ്മിൽ അധികംപേരും ദേവാലയത്തിൽ ഞായറാഴ്ച പോകുന്നവരാണ്. എന്നാൽ ചുരുക്കം ചിലർ തീരെ പള്ളിയിൽ പോകാത്തവരായും കണ്ടേക്കാം. സൌകര്യമുള്ളപ്പോൾ പള്ളിയിൽ പോകുന്ന രീതി മാററി എല്ലാ ഞായറാഴ്ചയും പതിവായി പള്ളിയിൽ പോകണമെന്ന് നമുക്ക് ഒരു നിർബ്ബന്ധം ഉണ്ടാകണം. ഞായറാഴ്ച പള്ളിയിൽ പോകണമെന്നുള്ളത് ഒരു കടമപ്പെട്ട കാര്യമാണ്. അങ്ങിനെ പോകാതിരിക്കുന്നത് കുററവും വി. കുമ്പസാരത്തിൽ ഏററുപറഞ്ഞ് ശിക്ഷ സ്വീകരിക്കേണ്ടതായ ഒരു പാപവുമാകുന്നു. ശനിയാഴ്ച വൈകുന്നേരംതന്നെ പിറെറദിവസം ഞായറാഴ്ചയാണെന്നും പള്ളിയിൽ പോകണമെന്നും നിശ്ചയിച്ച് കുളിച്ച് ഒരുങ്ങികിടക്കുവാൻ ഒരു സത്യക്രിസ്ത്യാനി മറന്നുപോകരുത്. വീട്ടിലെ നായകൻ തന്നെ കുട്ടികൾ ഞായറാഴ്ച പള്ളിയിൽ പോകണമെന്ന് നിർബ്ബന്ധിക്കുകയും തന്നോടുകൂടി അവരേയും പള്ളിയിലേക്ക് കൊണ്ടുപോകുവാൻ താല്പര്യപ്പെടുകയും ചെയ്യണം. അപ്പൻ പള്ളിയിൽ പോകാതെ മക്കളോട് പള്ളിയിൽ പോകുവാൻ എത്ര പറഞ്ഞാലും അതുകൊണ്ട് പ്രയോജനമുണ്ടാവുകയില്ല. അപ്പനും മക്കളും നിവൃത്തിയുള്ള പക്ഷം അമ്മയോടുകൂടി ഞായറാഴ്ചതോറും വി. ദേവാലയത്തിൽ മുടങ്ങാതെ പോകുന്നുവെങ്കിൽ അത് കുടുംബത്തിന് എത്രയൊ അനുഗ്രഹമായിരിക്കും! അയൽക്കാർക്കും നാട്ടുകാർക്കും ഇത് എത്രവലിയ ഒരു പാഠമായിരിക്കും!! ഇതാണ് അനുഗ്രഹിക്കപ്പെട്ട ഒരു ഭവനത്തിലെ ദൈവസാദൃശ്യം. ക്രമേണ പള്ളിയിൽപോക്ക് ആ കുടുംബത്തിന്റെ ഒരു ശാശ്വത സ്വഭാവമായിത്തീരും. ഇങ്ങനെ നമ്മുടെ ഇടവകയിലെ എല്ലാ വീടുകളിൽനിന്നും ഞായറാഴ്ച രാവിലെ വീട്ടിലുള്ള എല്ലാവരുംതന്നെ പള്ളിയിലേക്ക് പോകട്ടെ; അപ്പോൾ കുടുംബം അഭിവൃദ്ധി പ്രാപിക്കും. ദൈവകൃപകൊണ്ട് ഐശ്വര്യവും വർദ്ധിക്കും. പള്ളിയും സഭയും ഉയരും; സർവ്വോപരി നമ്മുടെ കർത്താവിന്റെ നാമം മഹത്വപ്പെടുകയും ചെയ്യും.

### നമ്മുടെ ഉദ്യോഗസ്ഥന്മാരും വിദ്യാർത്ഥികളും.

ഒരു സഭയിലെ ഉദ്യോഗസ്ഥന്മാരും വിദ്യാർത്ഥികളുമാണ് ആ സഭയെ പണിയുന്നവരും പൊളിക്കുന്നവരും. നമ്മുടെ സഭയിലെ അംഗങ്ങളായി ഉയർന്ന ഗവമ്മെൻറ് ഉദ്യോഗങ്ങളിലൊ, മററു വല്ല തുറകളിലുമൊ, ജോലിചെയ്യുന്നവരെ നാമൊന്ന് പ്രത്യേകമായി എടുത്തുനോക്കണം. അവരിൽ അധികംപേർക്കും പള്ളി വേണ്ട, കൂദാശകൾ വേണ്ട, നോമ്പ് വേണ്ട, നമസ്കാരവും വേണ്ട. ഇത് അവരുടെ കുററമല്ല. അവർക്ക് ബാല്യത്തിൽ കിട്ടിയ പരിശീലനക്കുറവ് ഒന്നു മാത്രമാണ്. അവരുടെ മാതാപിതാക്കന്മാർ ബാല്യത്തിൽ അവരേയും കൂട്ടിക്കൊണ്ട് പള്ളിയിൽ പോയിരുന്നുവെങ്കിൽ ആ പരിശീലനം ഒരു സ്വഭാവമായി ഇന്നും അവരിൽ കാണുമായിരുന്നു. ഇപ്പോൾ അവരുടെ കുഞ്ഞുങ്ങളും അവരെ അനുകരിച്ച് പള്ളിയിൽനിന്നും പ: സഭയിൽനിന്നും അകന്നുപോകുന്നു. ആകയാൽ തങ്ങളുടെ മക്കളേയും ഭാവിതലമുറകളേയും ഓർത്ത് വലിയ സ്ഥാനങ്ങളിലും ഉദ്യോഗങ്ങളിലും ഇരിക്കുന്നവർ തങ്ങളുടെ കുഞ്ഞുങ്ങളേയും ഭാര്യയേയുംകൊണ്ട് ഞായറാഴ്ച പള്ളിയിൽ പോയിത്തുടങ്ങട്ടെ. അത് അവർക്കും അവരുടെ കുഞ്ഞുങ്ങൾക്കും മാത്രമല്ല, അവരെ നോക്കി അനുകരിക്കുവാനിരിക്കുന്ന അനേകായിരങ്ങൾക്കും പ്രയോജനപ്പെടും. (റോമാക്കാരെ കണ്ടുപഠിക്കുക.) തിരുവനന്തപുരത്ത് ഹൈക്കോടതിയിൽ ജഡ്ജിയായിരുന്ന ഒരു റോമാക്കാരൻ ഉദ്യോഗസ്ഥൻ ദിവസവും അതിരാവിലെ കുട്ടികളോടുകൂടി പള്ളിയിൽ പോയി കുർബ്ബാന കണ്ട് വന്നതിനുശേഷമാണ് കച്ചേരിയിൽ പോയിരുന്നത്. ഒററ ഞായറാഴ്ചപോലും അയാൾ പള്ളിയിൽ പോകാതിരിക്കയില്ല. അതിനാൽ ആ കോടതിയിലുള്ള റോമാക്കാരായ വക്കീലന്മാരും ചില കേസ്സുകാർപോലും പള്ളിയിൽ മുറക്ക് വന്നുകൊണ്ടിരുന്നു. ഇങ്ങനെയാണ് ഒരുത്തൻമൂലം അനേകരെ ദൈവത്തിങ്കലേക്ക് ആകർഷിക്കുന്നത്. നമ്മുടെ അടുത്തുള്ള കോട്ടയം, കോതമംഗലം, ആലുവാ, പറവൂർ, മൂവാററുപുഴ, പെരുമ്പാവൂർ, എറണാകുളം മുതലായ പ്രധാന സ്ഥലങ്ങളിലേക്ക് നിങ്ങൾ ഒന്ന് കണ്ണോടിക്കുക. അവിടത്തെ റോമാക്കാരായ ഉയർന്ന ഉദ്യോഗസ്ഥന്മാരും നമ്മുടെ ഉദ്യോഗസ്ഥരും പള്ളിയിൽ പോകുന്ന കാര്യത്തിൽ വല്ല സാമ്യവുമുണ്ടോ? ഈ സ്ഥലങ്ങളിലെല്ലാം നമുക്ക് എത്രയൊ ഉദ്യോഗസ്ഥന്മാരും വക്കീലന്മാരും അദ്ധ്യാപകരുമുണ്ട്. അവരിൽ ബഹുഭൂരിപക്ഷവും ഞായറാഴ്ചയാകുന്ന ആ കടപ്പെട്ട പരിശുദ്ധ ദിനത്തിൽ രാവിലെ വി. കുർബ്ബാനയുടെ സമയത്ത് വീടിന്റെയൊ ആഫീസ്സിന്റെയൊ മുൻവശത്തെ വാതിൽ അടച്ചിട്ടിരുന്ന് ആഫീസ് ജോലി ചെയ്യുകയൊ സ്വൈരസല്ലാപത്തിലേർപ്പെടുകയൊ അല്ലെ പതിവ്? പിന്നെ നിങ്ങളുടെ കുടുംബം എങ്ങിനെ അഭിവൃദ്ധിപ്പെടും? മക്കൾ എങ്ങിനെ ചൊവ്വുള്ളവരായിത്തീരും? സഭ എങ്ങിനെ ഉയരും? അച്ചന്മാരേയും മെത്രാച്ചന്മാരേയും കുററം പറഞ്ഞാൽമാത്രം പോരാ, വി: സഭയാകുന്ന ഭവനത്തിന്റെ ചെറുകല്ലുകളായ നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ സ്ഥാനത്ത് നിന്നുകൊണ്ട് നിങ്ങളുടെ ജോലി ഭംഗിയായി നിർവ്വഹിക്കണം. ഇത് നിങ്ങളെ ലജ്ജിപ്പിക്കുവാൻവേണ്ടി പറയുന്നതല്ലാ; നിങ്ങൾമൂലം സഭ ഉന്നതി പ്രാപിക്കുവാൻവേണ്ടി മാത്രം എഴുതുന്നതാണ്. ആലുവായിലെ ഒരു ഉദ്യോഗസ്ഥമേധാവി തന്റെ ഭാര്യയും മക്കളുമൊന്നിച്ച് ഞായറാഴ്ച മുടക്കം കൂടാതെ സിമ്മാരിപള്ളിയിൽ വരിക പതിവുണ്ടായിരുന്നു. അതുമൂലം അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരും കൺട്രാക്കറന്മാരും പള്ളിയിൽ ഹാജരാകും. ഇതാണ് നിങ്ങൾക്കോരോരുത്തർക്കും ചെയ്യാവുന്ന വലിയ സേവനം!! ദൈവഭക്തനായ അയാൾമൂലം ആ കുടുംബം ദൈവത്തെ അറിഞ്ഞു. വിദ്യാസമ്പന്നന്മാരായ ആ കുഞ്ഞുങ്ങൾ ദൈവമക്കളായി, തങ്ങളുടെ ശക്തിപോലെ ഇന്നും സഭാസേവനം ചെയ്യുന്നു.

ഇതുപോലെതന്നെ വിദ്യാർത്ഥികളോടും എനിക്ക് രണ്ടു വാക്ക് പറയുവാനുണ്ട്. നിങ്ങൾ വിദ്യ അഭ്യസിക്കുന്നത് എന്തിനാണ്? എല്ലാ ജ്ഞാനത്തിന്റെയും ആരംഭം ദൈവഭയമാകുന്നു. (സങ്കീ. 111: 10) ദൈവത്തെ കൂടാതെയുള്ള നിങ്ങളുടെ അഭ്യസനം നിഷ്പ്രയോജനമത്രെ. "ദൈവം ഭവനം പണിയുന്നില്ലെങ്കിൽ വേലക്കാർ വൃഥാ അദ്ധ്വാനിക്കുന്നു" (സങ്കീ. 127.) നിങ്ങൾ പഠിക്കുന്നു; പരീക്ഷക്ക് ചേരുന്നു; അനുഭവം തരുന്നത് ദൈവമത്രെ. നിങ്ങൾ ജയിക്കുന്നു; ഉദ്യോഗലോകത്തിലേക്ക് നിങ്ങളെ നയിക്കുന്നവൻ കർത്താവാകുന്നു. ഈ വിശ്വാസത്തിലും ശരണത്തിലും നിങ്ങൾ മുമ്പോട്ടു പോകണം. ഇതിന് സഭയും പള്ളിയും അത്യാവശ്യമത്രെ. ഞായറാഴ്ചതോറും നിങ്ങൾ വി. കുർബ്ബാനയിൽ സംബന്ധിക്കണം. ശനിയാഴ്ച വൈകുന്നേരം ക്ലാസ്സ്പുസ്തകങ്ങൾ അടച്ച് ഞായറാഴ്ചക്കുള്ള ഒരുക്കങ്ങൾ ചെയ്യണം. ഇടവകപള്ളിയിലെ മദ്ബഹായിൽ വികാരിയുടെ അനുവാദപ്രകാരം നിങ്ങൾക്ക് യോഗ്യമായ രീതിയിൽ ശുശ്രൂഷിച്ചുകൂടെ? ശ്ലീഹാ തെററുകൂടാതെ വായിക്കുകയും പള്ളിയാരാധനയിൽ ബ. പട്ടക്കാരെ സഹായിക്കുകയും ഭംഗിയായി ഗീതഭാഗങ്ങൾ പാടുകയും ചെയ്താൽ അത് എത്രയോ അലങ്കാരമായിരിക്കും. "എട്ടും പൊട്ടും" തിരിയാത്ത ആ പാവപ്പെട്ട കപ്യാരന്മാർ ചെയ്യുന്നതു കണ്ട് കുററം പറഞ്ഞും പരിഹസിച്ചും താഴെ നില്ക്കുന്നതിനേക്കാൾ എത്ര പ്രയോജനമുള്ള കാര്യമാണ് നിങ്ങൾതന്നെ വി. മദ്ബഹായിൽ ശുശ്രൂഷിക്കുന്നത്. സണ്ടേസ്കൂൾ പഠിപ്പിക്കുവാൻ സൌകര്യമുള്ളവർ അതു ചെയ്യട്ടെ. ബാലസമാജങ്ങളെ

പ്രാർത്ഥനായോഗങ്ങളോ നടത്തുവാൻ കഴിയുന്നവർ അതിനുത്സാഹിക്കട്ടെ. ഞായറാഴ്ചദിവസം കർത്താവിന്റെ ദിവസമായി നിങ്ങൾ ചിലവുചെയ്യുക. അന്ന് സന്ധ്യവരെ പാഠപുസ്തകങ്ങൾ കൈകൊണ്ട് തൊടാതിരുന്നിട്ടും ബി. ഏ. പാസ്സായ ഒരു പാപിയാണ് ഈ എഴുത്തുകാരൻ. നിങ്ങളുടെ ഈദൃശമായ സൽപ്രവൃത്തികളാൽ അനേകം സഹവിദ്യാർത്ഥികളെ നിങ്ങൾക്ക് വി: സഭാ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുവാൻ കഴിയും. അതിന് ചില ദൃഢനിശ്ചയങ്ങൾ വേണമെന്നേയുള്ളു. ഞാൻ നോമ്പ് നോൽക്കും, ഞായറാഴ്ച പള്ളിയിൽ പോകും, പുണ്യപ്രവൃത്തികളിൽ പങ്കെടുക്കും, കഴിയുന്നതും വിശുദ്ധമായി ജീവിക്കും, മുടക്കംകൂടാതെ പ്രാർത്ഥിക്കും. ഇങ്ങനെ ചെയ്താൽ നിങ്ങളുടെ വിദ്യാഭ്യാസംകൊണ്ട് നിങ്ങൾക്കും സഭാമാതാവിനും മററുള്ളവർക്കും പ്രയോജനമുണ്ടാകും. നിങ്ങളിൽനിന്നാണ് യോഗ്യന്മാരും ദൈവഭക്തരുമായ ശെമ്മാശ്ശന്മാർ ഉണ്ടാകേണ്ടതെന്ന് പ്രത്യേകമായി നിങ്ങൾ അറിഞ്ഞിരിക്കണമെന്നുകൂടി ഞാൻ ആഗ്രഹിക്കുന്നു.

### വി. കർബ്ബാനയിലുള്ള സംബന്ധം.

വി. കർബ്ബാനയിലുള്ള സംബന്ധം പ്രധാനമായി രണ്ടു വിധത്തിലാകുന്നു:

1) വി. കുമ്പസ്സാരം നടത്തി വി. കർബ്ബാന അനുഭവിച്ച് അതിൽ സംബന്ധിക്കുക. ഇതാണ് വി. കർബ്ബാനയിലുള്ള ശരിയായ സംബന്ധം. ഇതിനെപ്പററി പിന്നീട് ദീർഘമായി പറയാമെന്നു വിചാരിച്ച് ഇവിടെ വിട്ടുകളയുന്നു.

2) വി. കർബ്ബാന കണ്ടും അതിൽ നാം സമ്മതിച്ച് ഏററുപറയേണ്ടതായ ഭാഗങ്ങൾ നാവുകൊണ്ടും ഹൃദയംകൊണ്ടും സമ്മതിച്ച് ഏററുപറഞ്ഞും സംബന്ധിക്കുക. ഈ രണ്ടാമത്തെ രീതിയിലാണ് നമ്മിൽ അധികംപേരും വി. കർബ്ബാനയിൽ സംബന്ധിച്ചുപോരാറുള്ളത്. ഇതുതന്നെ പോരാത്തതാകുന്നു. എന്നാൽ അത്തരത്തിൽപോലും സംബന്ധിക്കാത്തവരും നമ്മിൽ പലരുമുണ്ട്. ചിലർ പള്ളിയിൽ ചെന്നാൽ ഏററുചൊല്ലാതേയും വി: പട്ടക്കാരൻ ചൊല്ലുന്ന ഭാഗങ്ങൾ ശ്രദ്ധിക്കാതെയും ഇരിക്കുന്നു. ശ്രദ്ധയോടുകൂടി അർത്ഥം മനസ്സിലാക്കി സംബന്ധിച്ചെങ്കിൽ മാത്രമെ സജീവമായി നമുക്കു വി. ബലിയിൽ പങ്കാളികളാകുവാൻ കഴികയുള്ളു. അതിനുപുറമെ പട്ടക്കാരൻ ചൊല്ലുന്ന പ്രാർത്ഥനകളിൽ നാമും ആമ്മീൻ പറഞ്ഞു് സമ്മതം കൊടുക്കണം. അങ്ങിനെ നാവുകൊണ്ടും ഹൃദയംകൊണ്ടും പറഞ്ഞു് സമ്മതം കൊടുക്കുമ്പോൾ അതിൽ നാമും സംബന്ധികളായിത്തീരുന്നു. അതു് വി: ബലി നാംമൂലം പൂർത്തിയാകുവാനായിട്ടല്ല, പ്രത്യുത വി. ബലി നമുക്കും അനുഭവപ്പെടുന്നതിനായിട്ടാണ്. വി: ബലി ആചാര്യൻ തനിയെ അർപ്പിച്ചാലും അതു് പൂർത്തിയാകും. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു്, ആമ്മീൻ, കുറിയേലായിസ്സോൻ, ബാറെക്മൊർ, ആദിയായവ ചൊല്ലി നാം വി. ബലിയിൽ സംബന്ധിക്കണമെന്നുള്ളതാണ്. നമ്മുടെ ഹൃദയപൂർവ്വമുള്ള സമ്മതം കൂടാതെ വി. ബലിയിൽ നിന്നുള്ള സൌജന്യകൃപ നമ്മിലേക്ക് പകരുകയില്ല. അതിനാൽ നാവുകൊണ്ടു് ഉച്ചരിച്ചും ഹൃദയംകൊണ്ടു് സമ്മതംകൊടുത്തും വി. ബലിയിൽ സംബന്ധിക്കുന്നതു് ഒരു സത്യവിശ്വാസിക്ക് ആവശ്യമാകുന്നു.

ഇങ്ങനെ ഞായറാഴ്ചതോറും പതിവായി പള്ളിയിൽ പോകുകയും വി. ബലിയിൽ സജീവമായി സംബന്ധിക്കുകയും ചെയ്തു് അനുഗ്രഹം പ്രാപിക്കേണ്ടതും അതു് ജീവിതത്തിലെ ഒരു സ്വഭാവമാക്കിത്തീർക്കേണ്ടതും സുറിയാനി ക്രിസ്ത്യാനികളുടെ ഒഴിച്ചുകൂടാത്ത കടമയാകുന്നു.

# പ്രാർത്ഥനാജീവിതം.

(തുടർച്ച)

## ആത്മാവിലും സത്യത്തിലും പ്രാർത്ഥിക്കണം.

(എം. എം. മാണി.)

സത്യത്തിൽ പ്രാർത്ഥിക്കുക. മനുഷ്യജീവിതത്തിൽ സത്യത്തിന് വലിയ സ്ഥാനവും മഹിമയും ഉണ്ടു്. മാതാപിതാക്കന്മാർ ഗുരുക്കന്മാർ മുതലായവർ ചെറുപ്പം മുതലെ അഭ്യസിപ്പിക്കുന്നതു് സത്യം പറയണമെന്നുള്ളതത്രെ. സത്യത്തിന് സ്വഭാവഗുണങ്ങളിൽ വച്ചു് വിശേഷസ്ഥാനമുണ്ടു്. കർത്താവു് തന്റെ മലപ്രസംഗത്തിൽ ഉവ്വ്, ഉവ്വ് എന്നും; ഇല്ല, ഇല്ലാ എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായതു ദുഷ്ടനിൽനിന്നു വരുന്നെന്നു് അരുളിചെയ്തു. മത്താ. 5:37. എല്ലാ മനുഷ്യർക്കും ഉണ്ടായിരിക്കേണ്ട ദിവ്യഗുണമാണിതു്. വി: യോഹന്നാന്റെ സുവിശേഷത്തിൽ പരിശുദ്ധാത്മാവിനെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു. സത്യത്തിന്റെ ആത്മാവു് വരുമ്പോൾ അവൻ നിങ്ങളെ സർവ്വ സത്യത്തിലും വഴിനടത്തും. യോഹ. 16: 13. യോഹന്നാൻ 3: 33-ൽ പിതാവായ ദൈവം സത്യവാനെന്നു സാക്ഷിക്കുന്നു. യേശുക്രിസ്തുവും സത്യസന്ധനാകുന്നു; യോഹ. 1: 14. വചനം ജഡമായിതീർന്നു് കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു. പിതാവായ ദൈവം സത്യവാൻ; പുത്രനായ ദൈവം സത്യവാൻ; പരിശുദ്ധാത്മാവായ ദൈവം സത്യവാൻ. ഈ നിലക്കു തന്നെ ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നവർ എങ്ങിനെയുള്ളവരായിരിക്കണം, ചിന്തിക്കുക. മനുഷ്യർ സ്വതവെ സത്യസന്ധന്മാരല്ല, കപടമുള്ളവരത്രെ. ഉല്പ. 6: 5. മനുഷ്യന്റെ ഹൃദയവിചാരവും നിരൂപണങ്ങളും ദോഷമുള്ളതത്രെ എന്നു് കല്പിച്ചിരിക്കുന്നു. സത്യത്താൽ ഇവരെ വിശുദ്ധീകരിക്കണമെ എന്നു് ശിഷ്യന്മാർക്കായി താൻ പ്രാർത്ഥിക്കുന്നു. യോ. 17: 17. ദൈവം ആത്മാവും സത്യവും ജീവനുമാകുന്നു. അപ്രകാരം തന്നെ തന്റെ മക്കളായ നാം ആത്മാവും സത്യവുമുള്ളവരായിരിക്കണം. കർത്താവു തന്റെ ഉപമകളിലും ഉപദേശങ്ങളിലുമെല്ലാം സത്യത്തെ മുൻനിറുത്തി ധാരാളം സംസാരിച്ചിട്ടുണ്ടു്. സത്യമായിട്ടും സത്യമായിട്ടും എന്നിങ്ങനെ വളരെ ഉറപ്പിച്ചത്രെ പറഞ്ഞാരംഭിക്കുന്നതു്. സത്യം സംസാരിപ്പാൻ പഠിക്കാത്തവൻ എങ്ങിനെ സത്യമായി പ്രാർത്ഥിക്കും. കണ്ണില്ലാത്തവനു കാണ്മാൻ കഴിയുമോ? നിത്യജീവൻ പ്രാപിക്കണമെങ്കിൽ സത്യമുള്ളവരായിരിക്കണം. യോഹ. 17: 4. ഏക സത്യ ദൈവമായ നിന്നേയും നീ അയച്ച യേശുക്രിസ്തുവിനേയും വിശ്വസിക്കുന്നതുതന്നെ നിത്യജീവൻ. ത്രിയേക ദൈവം സത്യമൂർത്തിയാണ്. വി: യോഹന്നാന്റെ ലേഖനത്തിൽ നാം പാപം ചെയ്തിട്ടില്ലെന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെയായി. യോ. 1: 10. കുഞ്ഞുങ്ങളെ നാം വാക്കിനാലും നാവിനാലുമല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക. സത്യത്തിന്റെ പക്ഷത്തു നില്ക്കുന്നവരെന്നു് ഇതിനാൽ അറിയും. യോഹ. 3: 18. യോഹന്നാൻ തന്റെ സഭാമക്കളെ സത്യത്തിൽ സ്നേഹിക്കുന്നുവെന്നു് മൂന്നാം ലേഖനത്തിൽ സാക്ഷിപ്പെടുത്തിയിരിക്കുന്നു. ഒരു മനുഷ്യന്റെ ഈ മിസ്രയിംവാസം കൂടിയാൽ 100 വത്സരമെന്നു കരുതുക. ഈ കാലയളവിനുള്ളിൽ പിതാവാം ദൈവത്തിൽനിന്നും ഒററ വാക്കിനു പോലും മറുപടി ലഭിപ്പാൻ സാധിച്ചിട്ടില്ലെങ്കിൽ ഹേ മനുഷ്യാ! നിന്റെ ജീവിതമെന്തു്. എന്തിനായി നീ ദൈവസൃഷ്ടിയായി ജീവിക്കുന്നു. നിന്റെ സൃഷ്ടിതാവും പരിപാലകനുമായ ദൈവത്തെക്കൊണ്ടു് ഒരു ഗുണവും ആയുസ്സിൽ ലഭിച്ചിട്ടില്ലെങ്കിൽ ദൈവം ഉണ്ടെന്നുപറഞ്ഞു് ജീവിക്കുന്ന വിശ്വാസത്തിന്റെ അടിസ്ഥാനമെന്തു്? നിത്യമായിട്ടുള്ളതിനെ വെറുത്തു് അനിത്യമായുള്ള ഈലോക ജീവിതത്തിൽ നിസ്സാരങ്ങളായ ചില ലോകയാഡംബരങ്ങൾക്കായി സത്യവും നീതിയും വിട്ടു് ജീവിക്കുന്നവർക്കു് സത്യസ്വരൂപനായ ദൈവത്തെ സ്നേഹിപ്പാൻ കഴിയുമോ? നീ നിന്റെ ജീവിതത്തെ ക്രമപ്പെടുത്തി ദൈവഹിതാനുസരണം ജീവിച്ചാൽ പ്രാർത്ഥനയുടെ യഥാർത്ഥം മനസ്സിലാകും. വിശുദ്ധ മത്തായിയുടെ സുവിശേഷം 6: 5—10 വാക്യങ്ങളിൽ പ്രാർത്ഥനയുടെ ശരിയായ രൂപം കാണിച്ചിരിക്കുന്നു. കപടഭക്തിക്കാർ ചെയ്യുന്നതുപോലെ പ്രാർത്ഥിക്കുമ്പോൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുതു് എന്നെഴുതിയിരിക്കുന്നു. ലൂക്കോ. 18. മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്നു് ഉപമയാൽ വെളിവാക്കിയിരിക്കുന്നു. ലൂ. 18: 9. പരീശന്റേയും ചുങ്കക്കാരന്റേയും പ്രാർത്ഥനയെപ്പററി വിവരിച്ചിരിക്കുന്നു. ചുങ്കക്കാരൻ തന്നെത്താൻ താഴ്ത്തി സത്യമായ് ഹൃദയംതുറന്നു് അപേക്ഷിച്ചു് നീതീകരിക്കപ്പെട്ടവനായി പോകുന്നു. പരീശൻ വീണ്ടും ചിന്താഭാരമുള്ളവനായി കടന്നുപോകുന്നു. കർത്താവു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുന്നതു ശ്രദ്ധിക്കുക. കർത്തൃപ്രാർത്ഥന ഏഴായി തിരിക്കാം. ആദ്യത്തെ 3 ഭാഗം ദൈവത്തെ സംബന്ധിക്കുന്നതും 4 എണ്ണം മനുഷ്യനെ ബന്ധിക്കുന്നവയുമത്രെ. അതിനാൽ പ്രാർത്ഥനയിൽ മുന്നമെ ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യേണ്ടതത്രെ. പ്രാർത്ഥനയിൽ എപ്പോഴും സ്തോത്രത്തിനും സ്തുതിക്കും അപേക്ഷയെക്കാൾ പ്രാധാന്യം നൽകേണ്ടതാവശ്യമാണ്. പ്രാർത്ഥനാക്രമങ്ങളിലും വി: കർബാനയിലും മററാരാധനാക്രമങ്ങളിലും ശ്രദ്ധിച്ചാൽ സ്തോത്രത്തിനും സ്തുതിക്കും പ്രാധാന്യം കാണാം. എല്ലാററിനും ദൈവത്തെ സ്തോത്രം ചെയ്യണമെന്നത്രെ വി: പൌലോസ് പ്രബോധിപ്പിക്കുന്നതു്. കർത്താവു തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ സ്നാനസമയത്തു് പ്രാർത്ഥിച്ചപ്പോൾ സ്വർഗ്ഗം തുറന്നു് പരിശുദ്ധാത്മാവു് തന്റെമേൽ ഇറങ്ങി സാക്ഷ്യപ്പെടുത്തുന്നതു് കാണുക. ലൂ. 3: 21-22. താൻ 40 ദിവസം മരുഭൂമിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടി. തന്റെ വേലക്കുള്ള ഒരുക്കവും ശക്തിപ്രാപിക്കലുമത്രെ ഇതു്. തന്റെ പരസ്യശുശ്രൂഷാകാലത്തു് ധാരാളം സമയം പ്രാർത്ഥനക്കായി വിനിയോഗിച്ചതു് സാക്ഷിപ്പെടുത്തിയിരിക്കുന്നു. താൻ ജനത്തോടു സംസാരിക്കുന്നതിനു മുമ്പായി, വിജനസ്ഥലത്തു പോയി പ്രാർത്ഥിച്ചതായി മർക്കോ. 1:32-ൽ വായിക്കുന്നു. മത്താ. 14: 23-ൽ ജനം തന്നെ തിരക്കിവന്ന അവസരത്തിൽ ഒരു വിജനസ്ഥലത്തു് താൻ പ്രാർത്ഥിച്ചിരുന്നതായും ലൂക്കോ. 5: 16-ൽ താൻ ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചതായും വായിക്കുന്നു. താൻ അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നതിന്റെ തലേ രാത്രി മുഴുവൻ അതിനായി

പ്രാർത്ഥിച്ചശേഷം കാലത്തെ ശിഷ്യഗണത്തെ അരികെ വിളിച്ച് അവരിൽനിന്നും പന്ത്രണ്ടു പേരെ വേർതിരിക്കയും ചെയ്തു. ലൂക്കോ. 6: 12. ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ലൂക്കോ. 23: 34-ൽ വെളിപ്പെടുത്തിയിരിക്കുന്നു. താൻ മൂന്നു ശിഷ്യന്മാരെ പ്രത്യേകം കൂട്ടിക്കൊണ്ടുപോയി പ്രാർത്ഥിക്കുകയും രൂപാന്തരപ്പെടുകയും ചെയ്തതായി ലൂക്കോ. 9: 28-ൽ വായിക്കുന്നു. താൻ രോഗികൾക്കായും തന്റെ ശത്രുക്കൾക്കായും ഉപദ്രവിക്കുന്നവർക്കായും ശിഷ്യന്മാർക്കായും ദുഷ്ടന്മാരുടെ മനസ്സുതിരിവിനായും ശിഷ്ടന്മാർക്കായും ഇങ്ങിനെ സർവരേയും വഹിച്ച് പ്രാർത്ഥിച്ചിരുന്നതായി കാണാം. താൻ നമുക്കുള്ള ഉത്തമമാതൃകയെന്ന് വിശുദ്ധ പത്രോസ് ശ്ലീഹാ സാക്ഷിച്ചിരിക്കുന്നു. 1 പത്രോ. 2: 21. താൻ കാണിച്ചിട്ടുള്ള സമസ്തവും നമുക്ക് അനുകരിപ്പാൻ യോഗ്യമായതത്രെ. ലാസറിനെ ഉയർപ്പിച്ചപ്പോൾ കർത്താവ് ഉള്ളംനൊന്തു പ്രാർത്ഥിച്ചതായി യോഹ. 11: 38-ൽ വായിക്കുന്നു. വിശുദ്ധ പത്രോസ് ശ്ലീഹാ യോപ്പയിൽ വച്ച് തബീതാ എന്ന ശിഷ്യയെ മരണത്തിൽനിന്നും തന്റെ പ്രാർത്ഥനയാൽ എഴുന്നേല്പിച്ചു. അപ്പ. 9: 40. വി. പൌലോസ് മാളികമുകളിൽനിന്നു വീണു മരിച്ച യൂത്തോക്കോസ് എന്ന യൌവനക്കാരനെ ഉയർത്തെഴുന്നേല്പിച്ചു. അപ്പ. 20: 9. പത്രോസ് ശ്ലീഹായുടെ പ്രസംഗവും ഗംഭീരമായ പ്രാർത്ഥനയും മൂലം ഭൂമിപോലും വിറക്കുകയും കൂടിയിരുന്ന എല്ലാവരുടെ മേലും പരിശുദ്ധാത്മപകർച്ച ഉണ്ടാകുകയും ചെയ്തു. അപ്പ 4: 31. ശമര്യയിൽ വച്ച് പരിശുദ്ധാത്മാവിനായി പ്രാർത്ഥിക്കുകയും ആത്മനൽവരം പ്രാപിക്കുകയും ചെയ്തു. അപ്പ. 8: 15 പൌലോസും ശീലാസും കാരാഗൃഹത്തിൽവച്ച് പ്രാർത്ഥിച്ച് ദൈവത്തെ പാടിസ്തുതിച്ചപ്പോൾ വലിയ ഭൂകമ്പം ഉണ്ടാകയും കാരാഗൃഹവാതിൽ താനെ തുറക്കുകയും ചെയ്തു. അപ്പ. 16: 22. പ്രാർത്ഥനമൂലം വി: ശ്ലീഹന്മാർ പ്രാപിച്ച അനുഗ്രഹവും നൽവരങ്ങളും എത്രയെന്നു ചിന്തിക്കുക. കർത്താവിന്റെ ഗത്സമോൻ തോട്ടത്തിലെ പ്രാർത്ഥന പ്രത്യേകം ചിന്തിക്കുക. പ്രത്യേകാൽ അവിടെ ഒരു രഹസ്യ പ്രാർത്ഥന നടത്തുന്നതു് കാണുക. ഒരു കല്ലേറുദൂരത്തോളം ശിഷ്യന്മാരെ വിട്ടുപോയി കവിണ്ണുവീണ് പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിക്കുന്നതു കാണുക. അറയിൽ കടന്ന് വാതിലടച്ച് രഹസ്യത്തിലുള്ള പിതാവിനോടു പ്രാർത്ഥിപ്പാൻ പറഞ്ഞ കർത്താവിന്റെ രഹസ്യപ്രാർത്ഥന കാണുക. നമ്മുടെ ജീവിതത്തിൽ തോൽവിയുടേയും നിരാശയുടേയും കാരണമെന്തു്? നാം പ്രാർത്ഥനയിൽ വ്യാപരിക്കുന്നില്ല എന്നുള്ളതത്രെ. ആദ്യത്തെ രക്തസാക്ഷിയായിതീർന്ന സ്തേഫാനോസ്, തന്നെ കല്ലെറിഞ്ഞു കൊല്ലുന്ന അവസരത്തിൽ തന്നെ ഉപദ്രവിക്കുന്നവർക്കു വേണ്ടിയും തനിക്കുവേണ്ടിയും പ്രാർത്ഥിക്കുന്നതു കാണുക. അപ്പ. 7: 60. വി. പൌലൂസ് ചെമ്പുപണിക്കാരൻ അലക്സന്തറിനു വേണ്ടി പ്രാർത്ഥിക്കുന്നു. 2 തീമോ. 4: 16. റോമാലേഖനത്തിൽ താൻ പ്രാർത്ഥനയിൽ ഉററിരിപ്പാൻ ഉൽബോധിപ്പിക്കുന്നു. റോമ. 12: 13. കോരന്ത്യലേഖനത്തിൽ ആത്മാവുകൊണ്ടും ബുദ്ധികൊണ്ടും പ്രാർത്ഥിക്കണമെന്നും രണ്ടാം ലേഖനത്തിൽ മററുള്ളവരെ വഹിച്ച് പ്രാർത്ഥിക്കണമെന്നും 2 കോരി. 13: 7-9. കർത്താവും അപ്പസ്തോലന്മാരും പിതാക്കന്മാരും ഉത്തമ മാതൃക നമുക്ക് വെളിപ്പെടുത്തിതന്നിരിക്കുന്നു. സകലത്തിനുംവേണ്ടി പ്രാഗൽഭ്യത്തോടെ പ്രാർത്ഥിക്കണമെന്ന് എഫേ. 6: 18-ൽ എഴുതിയിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടാതെ എല്ലാററിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങളെ ദൈവസന്നിധിയിൽ അർപ്പിക്കയത്രെ വേണ്ടതു്. ഫിലി. 4: 6; കൊലോ. 4: 24. പ്രാർത്ഥനയിൽ ഉററിരിക്കണമെന്നും സർവ്വകാര്യങ്ങൾക്കായും ഇടവിടാതെ പ്രാർത്ഥിപ്പാനും 2 തെസ. 5: 15; ഭരണകൂടങ്ങൾക്കും അധികാരങ്ങൾക്കും വേണ്ടി പ്രാർത്ഥിപ്പാനും 1 തീമോ. 2: 1,3, 8. പുരുഷന്മാർ വിശുദ്ധകൈകളെ ഉയർത്തി പ്രാർത്ഥിക്കണമെന്നും വിശുദ്ധ പൌലോസ് തന്റെ ലേഖനങ്ങളിൽ ആദ്യന്തം വെളിവാക്കിയിരിക്കുന്നു. വി: യാക്കോബിന്റെ ലേഖനത്തിൽ കഷ്ടപ്പെടുന്നവർ പ്രാർത്ഥിപ്പാനും രോഗികൾക്ക് എണ്ണ പൂശി പ്രാർത്ഥിച്ചാൽ, വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ എഴുന്നേല്പിക്കുമെന്നും പറയുന്നു. യാക്കോ. 5: 14. പിതാവായ ദൈവം തന്റെ ഭൃത്യന്മാരുടെ പ്രാർത്ഥനക്കും യാചനകൾക്കുമായി കാത്തിരിക്കുന്നതായി 1 പത്രോ. 3: 12; 4: 7. എല്ലാററിന്റേയും അവസാനം സമീപിച്ചിരിക്കയാൽ പ്രാർത്ഥനക്ക് സുബോധമുള്ളവരും നിർമ്മദരുമായിരിപ്പാനും, വിശു: യൂദായുടെ ലേഖനത്തിൽ പരിശുദ്ധാത്മാവിൽ പ്രാർത്ഥിപ്പാനും യൂദ: 1: 20, പ്രാർത്ഥനയെ ധൂപത്തോടു ലക്ഷ്യമാക്കി വി: യോഹന്നാൻ പത്മോസ് ദ്വീപിൽ വച്ച് ദർശിക്കയും ചെയ്തിരിക്കുന്നു. വെളി. 5: 8. ഏതൊരു ഭയങ്കര പാപിയേയും ശുദ്ധമനസ്സാക്ഷിയോടും സത്യത്തോടുംകൂടി ഹൃദയം തുറന്ന് പ്രാർത്ഥിച്ചാൽ ദൈവം സ്വീകരിക്കുമെന്നു കർത്താവ് ക്രൂശുമരണസമയത്തു വലത്തുഭാഗത്തെ കള്ളനോട് സാക്ഷിച്ചതിൽനിന്നും അവൻ തന്നോടുകൂടെ മററെല്ലാ വിശുദ്ധന്മാരേയുംകാൾ ആദ്യപറുദീസായിൽ പ്രവേശിച്ചതിൽനിന്നും തെളിയുന്നു. ക്രിസ്തീയ ജീവിതത്തിന്റെ ചുക്കാനാകുന്ന പ്രാർത്ഥനയാൽ വേണ്ടപോലെ നിയന്ത്രിച്ചില്ലെങ്കിൽ കാററും കോളുമുള്ള സമുദ്രത്തിൽ കപ്പൽ മുങ്ങി നഷ്ടപ്പെടുമെന്നോർക്കണമെ. പാപമോ പാപവികാരമോ യാതൊന്നും ഇല്ലാതിരുന്ന ദൈവപുത്രനായ യേശു രക്ഷകൻ തന്റെ പരസ്യശുശ്രൂഷാകാലത്ത് എത്ര സന്ദർഭങ്ങളിൽ എന്തെല്ലാം കാര്യങ്ങൾക്കായി മുട്ടിപ്പായി പ്രാർത്ഥിക്കുകയും ജാഗരിക്കുകയും ചെയ്തിരുന്നതായി വിശുദ്ധ വേദത്തിൽ സാക്ഷിച്ചിരിക്കുന്നു. താൻ ഇപ്രകാരം ചെയ്തെങ്കിൽ ജന്മനാ പാപിയും പാപം ചെയ്യാൻ മടിയില്ലാത്തവനും ബലഹീനനും പാപച്ചായ്‌വുള്ളവനും കൃമിയും പുഴുവും ആയ മനുഷ്യജാതി പ്രാർത്ഥനയിൽകൂടെ ദൈവത്തിൽനിന്ന് അനുഗ്രഹങ്ങളും നൽവരവും പ്രാപിക്കണമെങ്കിൽ എത്രകണ്ടു് ശ്രദ്ധപതിക്കണമെന്നുള്ളതു് നല്ലപോലെ ഓർത്തു ജീവിക്കുക. ശരീരത്തിലും ആത്മാവിലും സത്യമായും ഹൃദയംഗമമായും പ്രാർത്ഥിപ്പാനുള്ള കഴിവും ശക്തിയും നമുക്ക് ലഭിക്കുന്നതിനുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കാം.



# സമാഗമന കൂടാരം

അഥവാ

## ക്രിസ്തുവും സഭയും

Dr. K. V. Kakku L. M. P., Srirangam

(തുടർച്ച്)

തിരുനിവാസം ക്രിസ്തുവിനും (കോലോ. 1: 19) ക്രിസ്തീയസഭയ്ക്കും (1 തീ. 3: 15) ദൃഷ്ടാന്തമാണെന്നു പറയാം. എബ്രായ ലേഖനകർത്താവ് അതിനെക്കുറിച്ച് സ്വർഗ്ഗീയത്തിന്റെ ദൃഷ്ടാന്തമെന്നും (എബ്രാ. 8: 5) വാസ്തവമായതിന്റെ പ്രതിബിംബമെന്നും (എബ്രാ. 9: 24) വരുവാനുള്ള നന്മകളുടെ നിഴലെന്നും (എബ്രാ. 10: 1) പറഞ്ഞിരിക്കുന്നു. ആ സ്ഥിതിക്ക് തിരുനിവാസത്തിനും, വി. സഭയ്ക്കും തമ്മിൽ വളരെ സാമ്യമുണ്ടു്. "ആകയാൽ നിങ്ങൾ.........ദൈവത്തിന്റെ ഭവനക്കാരത്രെ. ക്രിസ്തുയേശു മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്ന് കർത്താവിൻ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളേയും ദൈവത്തിന്റെ വാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു. (എഫേ. 2: 19—22) തിരുനിവാസത്തിന് അസ്തിവാരം, ഭിത്തി, മേല്പുര, പുരോഹിതന്മാർ, ഉപകരണങ്ങൾ ആദിയായവ ഉണ്ടായിരുന്നതുപോലെ ക്രിസ്തീയസഭയ്ക്കും ഉണ്ടായിരിക്കേണ്ടതാണ്. ഇട്ടിരിക്കുന്ന അടിസ്ഥാനമൊഴികെ മറെറാരടിസ്ഥാനമിടുവാൻ ആർക്കും കഴികയില്ല. (1 കോ. 3: 11).

തിരുനിവാസത്തിന് 30 മുഴം നീളവും 10 മുഴം വീതിയും ഉണ്ടായിരുന്നു. ചുവരിനു പകരം ഖദിരമരത്തിന്റെ പലകകളാണ് ഉപയോഗിച്ചിരുന്നതു്. വടക്കുഭാഗം 20 പലകകളും തെക്കുഭാഗം 20 പലകകളും പടിഞ്ഞാറുഭാഗം 6 പലകകളുമാണ് ഉണ്ടായിരുന്നതു്. കിഴക്കുവശം (മുൻവശം) പലക ഉണ്ടായിരുന്നില്ല. അവിടെ തൂണുകൾ സ്ഥാപിച്ച് അവയിൽ തിരശ്ശീല തൂക്കിയിട്ടിരുന്നു. അതിന് കൂടാരവാതിൽ എന്നായിരുന്നു പേർ. ഓരോ പലകയുടെ നീളം 10 മുഴവും വീതി 1½ മുഴവുമത്രെ. ഘനം പറഞ്ഞിട്ടില്ല. പത്തു മുഴം വിസ്താരമുള്ള പടിഞ്ഞാറെ വശം ഒന്നര മുഴം വീതിയുള്ള 6 പലകകൾ മാത്രം ചെലുത്തിയാൽ ഒരു മുഴം ഒഴിവു വരുമല്ലൊ. ആ ഒഴിവ് രണ്ടു മൂലയിലും സമമാക്കി, ഓരോ ഭാഗത്തുമുള്ള ഇട ½ മുഴം അടയ്ക്കുന്നതിനും മൂലകൾക്ക് കൂടുതൽ ബലം ലഭിക്കുന്നതിനുമായി ഓരോ മൂലയിലും ഓരോ പലക കൂടുതൽ അടിച്ചിരുന്നു. അങ്ങിനെ പടിഞ്ഞാറുവശം ആകെ എട്ട് പലകകളുണ്ടായിരുന്നു. പലകകളുടെ അടിഭാഗം ഓരോ മൂലയിലും ഓരോ കുടുമയുണ്ടാക്കി, കടുവെള്ളികൊണ്ടുണ്ടാക്കപ്പെട്ട ചുവടുകളിൽ (ഇരിപ്പുകളിൽ) ഉറപ്പിച്ചാണ് നിറുത്തിയിരുന്നതു്. ആകെ 48 പലകകൾക്ക് 96 ചുവടുകളുണ്ടായിരുന്നു. കൂടാതെ പലകകൾക്ക് 5 വരി അന്താഴവും ഓടിച്ചിരുന്നു. ഓരോ പലകയ്ക്കും സ്വർണ്ണവളയങ്ങളുണ്ടാക്കി അവയിൽകൂടിയത്രെ അന്താഴം ഓടിച്ചിരുന്നതു്. അതിൽ നടുവിലത്തേതുമാത്രമെ എത്തിയ നീളത്തിലുണ്ടായിരുന്നുള്ളു. പലകകളും അന്താഴങ്ങളും സ്വർണ്ണതകിടുകൊണ്ടു് പൊതിഞ്ഞിരുന്നു. പലകകളാണ് കൂടാരത്തിന്റെ മൂടുവിരിയെ താങ്ങിക്കൊണ്ടിരുന്നതു്.

(തുടരും)

# ക്രിസ്തീയ ലഘു തത്വോപദേശങ്ങൾ

(തുടർച്ച്)

(Fr. V. C. Gheevarghese, B. A.)

പാഠം 9.

വിശ്വാസപ്രമാണത്തിന്റെ മൂന്നാംഭാഗം

1 ചോ:— വിശ്വാസപ്രമാണത്തിന്റെ മൂന്നാം വിഭാഗം നമ്മെ എന്തു പഠിപ്പിക്കുന്നു.? ഉ:—(എ)

പുത്രൻ സർവ്വലോകങ്ങൾക്കും മുമ്പ് പിതാവിൽനിന്നും ജനിച്ചു. (ബി) പുത്രൻ പ്രകാശത്തിൽനിന്നുള്ള പ്രകാശമാണ്. (സി) സത്യദൈവത്തിൽനിന്നുള്ള സത്യദൈവമാണ്. (ഡി) പുത്രൻ ജനിച്ചവനാണ്. (ഇ) പുത്രൻ സൃഷ്ടിയല്ലാത്തവനാണ്. (എഫ്) സാരാംശത്തിൽ പിതാവിനോട് (സമത്വമുള്ളവനാണ്) ഒന്നായിരിക്കുന്നവനാണ്. (ഹോമോഔസിയോസ്) (ജി) പുത്രനാൽ സകലവും നിർമ്മിക്കപ്പെട്ടു. (എച്ച്) പുത്രൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽനിന്നിറങ്ങി. (ഐ) വി: റൂഹായിൽനിന്നും, ദൈവമാതാവായ വി: കന്യകമറിയാമിൽനിന്നും, ശരീരിയായിതീർന്നു. ഇങ്ങനെ 9 സംഗതികൾ പഠിപ്പിക്കുന്നു.

2. ചോ:— സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽനിന്ന് ജനിച്ചു എന്നു പറഞ്ഞാൽ എന്താണ് നാം ഗ്രഹിക്കേണ്ടതു്? ഉ:— അനാദിയായ പിതാവിൽനിന്നും പിതാവിൻെറ വചനമായ പുത്രൻ അനാദിയായിട്ടുതന്നെ ജനിച്ചുവെന്ന് നാം ഗ്രഹിക്കണം.

3. ചോ:— പുത്രൻ പ്രകാശത്തിൽനിന്നുള്ള പ്രകാശമാണെന്നു പറഞ്ഞാൽ എന്താണ് നാം ഗ്രഹിക്കേണ്ടതു്? ഉ:— പിതാവു് സൃഷ്ടിക്കപ്പെടാത്ത അനാദിയായ പ്രകാശമായിരിക്കുന്നതുപോലെ പുത്രനും സൃഷ്ടിക്കപ്പെടാത്ത വിധത്തിൽ പിതാവാകുന്ന പ്രകാശത്തിൻെറ ജ്യോതിസ്സ് തന്നെയെന്ന് ഗ്രഹിക്കണം. അതിനാൽ ഈറേന്മാർക്കും മാലാഖമാർക്കും അദൃശ്യനായ പിതാവിനെ കാണുന്നതു് ദൃശ്യമായ പ്രകാശമാകുന്ന പുത്രൻമുഖമാണ്.

4. ചോ:— പുത്രൻ സത്യദൈവത്തിൽ നിന്നുള്ള സത്യദൈവമാണെന്നു പറഞ്ഞാൽ എന്താണ് നാം ഗ്രഹിക്കേണ്ടതു്? ഉ:— പിതാവു് ഏതുപ്രകാരം യഥാർത്ഥനും നിത്യനുമായ ദൈവമാണൊ അപ്രകാരം പിതാവിൻെറ ജ്യോതിസ്സാകുന്ന പുത്രനും യഥാർത്ഥനും നിത്യനുമായ ദൈവമാണ്.

5. ചോ:— പുത്രൻ ജനിച്ചവനാണെന്ന് പറയുന്നതിൻെറ സാരം എന്തു്? ഉ:— പിതാവിൽനിന്നും ആദിമുതൽ നിത്യമായി ജനിച്ചവനാകയാലാകുന്നു പുത്രനെ ജനിച്ചവനെന്ന് പറയുന്നതു്.

6. ചോ:— പുത്രൻ സൃഷ്ടിയല്ലാത്തവനാണ് എന്നു പറഞ്ഞാൽ എന്തു്? ഉ:— പുത്രൻ വി. ത്രിത്വത്തിലെ ഒരു ക്നൂമൊ ആകയാലും, താൻ പിതാവിനെപ്പോലെ അനാദിയുള്ള നിത്യനാകയാലും, പിതാവിനോടുകൂടെ സകല സൃഷ്ടിക്കും കാരണനായിരിക്കുന്നതിനാലും, തനിക്കുമുമ്പെ വേറൊന്നില്ലാതിരുന്നതിനാലും, താൻ സൃഷ്ടിയല്ല സ്രഷ്ടാവാണെന്ന് നാം അറിഞ്ഞിരിക്കണം. എപ്പോൾ പിതാവുണ്ടൊ അതെ സമയത്തു് പുത്രനുമുണ്ടു്.

7. ചോ:— പുത്രൻ സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനാണ് എന്നു പറഞ്ഞാൽ എന്താണർത്ഥം? ഉ:— പിതാവിൻെറ സാരാംശം എന്താണൊ അതുതന്നെയാണ് പുത്രൻെറ സാരാംശവും-രണ്ടു് സാരാംശങ്ങളില്ല. ഒരു സാരാംശമേയുള്ളു. (മലയാളഭാഷയിലെ സമത്വം എന്ന പദം 2 സാരാംശമുണ്ടെന്ന് തെററിദ്ധരിക്കാനിടയുള്ളതിനാൽ "ഒന്നായിരിക്കുന്നവനാണ്" എന്ന് ഭാഷാന്തരം ചെയ്യുന്നതുതന്നെ സത്യത്തോട് യോജിച്ചിരിക്കും.

8. ചോ:— പുത്രനാൽ സകലവും നിർമ്മിക്കപ്പെട്ടു എന്നു പറഞ്ഞാൽ എന്തു്? ഉ:— പുത്രൻ വഴിയായി സകലവും സൃഷ്ടിച്ചുവെന്നു സാരം.

9. ചോ:— പുത്രൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷക്കുംവേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽനിന്നിറങ്ങി എന്നതിൻെറ സാരമെന്താണ്? ഉ:— സ്വർഗ്ഗത്തിൽ നിന്നിറങ്ങിയതു്, നമ്മെ വി: ത്രിത്വത്തിൻെറ തേജസ്സിലും ആനന്ദത്തിലും സംബന്ധിപ്പിക്കുവാനും, പാപത്തിൽനിന്നും അതിൻെറ ദുഷ്ഫലങ്ങളിൽനിന്നും രക്ഷിപ്പാനും വേണ്ടിയാകുന്നു എന്നാണ് സാരം.

10. ചോ:— വി: റൂഹായിൽനിന്നും ദൈവമാതാവായ വി: കന്യകമറിയാമിൽനിന്നും ശരീരിയായിതീർന്നു എന്നു പറയുന്നതിനാൽ നാം എന്തു വിശ്വസിക്കണം? ഉ:— ദൈവപുത്രൻ പ: ആത്മാവിൻെറ പ്രവൃത്തിയാൽ കന്യകമറിയാമിൻെറ ഗർഭപാത്രത്തിൽ യാതോരു പുരുഷസഹായവും കൂടാതെ ശരീരിയായിതീർന്നു എന്നും; കന്യകയുടെ ഗർഭപാത്രത്തിൽനിന്നും 9 മാസങ്ങൾക്കുശേഷം ഭൂമിയിൽ പിറന്നുവെന്നും വിശ്വസിക്കണം.

11. ചോ:— യേശുമ്ശീഹായുടെ ശരീരം ഉരുവാകുന്നതിൽ പ: ആത്മാവു് മാത്രമാണൊ പ്രവർത്തിച്ചിട്ടുള്ളതു്? ഉ:— അല്ല; പിതാവു് സമ്മതിക്കയും, പ: ആത്മാവു് പ്രവർത്തിക്കയും, പുത്രൻ അതിൻെറ ആളായി തീരുകയും ചെയ്തു.

12. ചോ:— വി: റൂഹായിൽനിന്നും, എന്നു പ്രത്യേകം എടുത്തുപറഞ്ഞതു് എന്തുകൊണ്ടു്? ഉ:— യാതൊരു പുരുഷനേയും ദൈവം ഉപയോഗപ്പെടുത്തിയില്ലെന്ന് കാണിപ്പാനായി "വി: റൂഹായിൽനിന്നും" എന്നു പ്രത്യേകം എടുത്തുപറഞ്ഞു.



13. ചോ:— മനുഷ്യാവതാരം ചെയ്തപ്പോൾ ദൈവപുത്രൻെറ പൂർണ്ണദൈവമെന്ന നില മാറിപ്പോയൊ? ഉ:— ഇല്ല. "വചനം ജഡമായിതീർന്നു" എന്ന് പറഞ്ഞതിനാൽ താൻ പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനും ആകുന്നു. എന്നാൽ ദൈവത്തിൻെറ സർവ്വമഹത്വങ്ങളേയും ശക്തികളേയും പ്രത്യക്ഷപ്പെടുത്തിയിട്ടില്ല.

14. ചോ:— യേശുമ്ശീഹാ, ദൈവമെന്നും, മനുഷ്യനെന്നും, രണ്ടാളുകളാണൊ? ഉ:— അല്ല; ദൈവമാകുന്ന ക്നൂമ്മാ ശരീരവും ആത്മാവും എടുത്തതിനാൽ ഒരു ക്നൂമ്മാ മാത്രമാകുന്നു. (സഭാചന്ദ്രിക 1-ാം പുസ്തകം 10-ാം ലക്കം നോക്കുക)

15. ചോ:— ദൈവത്തിൻെറ പുത്രനും കന്യകമറിയാമിൻെറ പുത്രനും ഒരേ ഒരാൾ ആകുന്നുവെന്നാണൊ വിശ്വസിക്കേണ്ടതു്? ഉ:— അതേ; ദൈവത്തിൻെറ പുത്രനും കന്യകമറിയാമിൻെറ പുത്രനും ഒരേ ഒരാൾതന്നെ ആകുന്നു. അതായതു്, സത്യദൈവവും സത്യമനുഷ്യനും ആയ യേശുമ്ശീഹായത്രെ.

16. ചോ:— കന്യകമറിയാം ദൈവത്തിൻെറ മാതാവാകുന്നതെങ്ങിനെ? കന്യകമറിയാം സൃഷ്ടിയും, ദൈവം അനാദിയായിട്ടുള്ളവനും അല്ലെ? ഉ:— കന്യകമറിയാം ദൈവത്തിൻെറ മാതാവാകുന്നു. എന്തുകൊണ്ടെന്നാൽ കന്യകമറിയാം സത്യദൈവമായ യേശുമ്ശീഹായുടെ മാതാവാകുന്നു. കന്യകമറിയാമിൻെറ ഉദരത്തിൽ വസിച്ച ആൾ ദൈവമായിരുന്നുവെന്നാണ് അതിൻെറ സാരം.

17. ചോ:— കന്യകമറിയാം എല്ലായ്പ്പോഴും കന്യകയായിരുന്നുവൊ? ഉ:— അനുഗ്രഹിക്കപ്പെട്ട മാതാവു് എല്ലായ്പ്പോഴും കന്യകതന്നെ ആയിരുന്നു.

(തുടരും)

*

# എൻെറ പരിശുദ്ധ മാതാവിനോട്

[ശങ്കരത്തിൽ എ. വി. മാത്യു.]

(തുടർച്ച)

ആദർശപൂരമോഹനീയ മണമീലോകത്തിനെന്നേക്കുമായ്
വീതിച്ചേതുമൊരുന്നമെന്നി വികസിച്ചാളുന്നാമന്ദാരമേ!
ഖേദത്താഴ്വരയിൽകിടന്നു കരയുന്നൊന്നോടുവിണ്ണോർതൊഴും
പാദത്താരിണയാലടുത്തുകനിവിൽ കല്യാത്മികേ! പാഹിമാം.

14

പുണ്യംപൂണ്ട പുകഴ്ന്ന പുംഗവകുലം മാലാഖമാർ ചുഴവും
നിന്നാൻപോറ്റവണങ്ങിവാഴ്ത്തിവരുമാ വേദാന്തവേദ്യൻവിഭ
എന്നമ്മേ! തവ കൈക്കുമാര, നതിനാൽ സ്വർഗ്ഗത്തിലുംഭൂവിലും
പൊന്നുംപൂമുടിചൂടിടുന്ന മഹിഷീമാണിക്യമേ! പാഹിമാം.

15

ചാവിൻ ചഞ്ചലമൂലമായ കദനത്തീതിന്നു ദാഹിക്കുവോ-
രാവിർമ്മോദമടുത്തുകൂടി വഴിപോൽ സേവിച്ചുപോരുന്നതാം
ജീവദ്രാവകമൂറിടുന്നൊരുദപാനംതന്നെ മന്നോർതൊഴും
ദാവിദ്രാജകുമാരിയങ്ങു്; പരമാം കാരുണ്യമേ! പാഹിമാം.

16

സ്വർഗ്ഗീയശ്രവണോപലബ്ധനിധിയൊത്തെബ്രോനിലെത്തിസ്സഖീ-
മുത്താമേലിശബേത്തുതൻെറ നികടം പ്രാപിക്കുമാറാകവേ,
'കർത്താവിൻ പ്രസവിത്രിയെന്നു പരിശുദ്ധാത്മാവു വാഴ്ത്തിപ്പറ-
ഞ്ഞുദ്ധാരവ മാതിധേയ വദനാലങ്ങേ; ശുഭേ! പാഹിമാം.

# കല്യാണവിരുന്നിൽ!

(കാകളി)

(സി. ജെ. മണ്ണുംമൂട്)

I

പച്ചപുതച്ചോരുകുന്നിൻപുറങ്ങളും;
മെച്ചമേറും ശൈലപാർശ്വഭാഗങ്ങളും;
പൂവണിവല്ലി കദംബങ്ങളുംമഞ്ജു-
ഗാനങ്ങളാലപിച്ചീടും കിളികളും,
പൂങ്കുളം പാടിയൊഴുകും പുഴകളും
പൂന്തെന്നൽമൂളുന്ന മാന്ദ്രസംഗീതവും;
ഏവമഴകുവഴിഞ്ഞൊഴുകീടുമ-
ഭൂവിൻെറകണ്ണായ കാനാവിലേക്കുനാം,
രണ്ടുസഹസ്രാബ്ദ മപ്പുറത്തുള്ളൊരു
കാലത്തിലേക്കൊരു കണ്ണയച്ചീടുക
കാണുന്നു നാമൊരു കല്യാണമണ്ഡപം
കണ്ണിനു കൌതുകമേകുമൊരാലയം;
തിക്കും തിരക്കും ബഹളവുമഗ്ഗ്രഹ-
മുൾക്കൊണ്ടിരിക്കുന്ന മാനുഷർക്കൊക്കെയും;
അപ്പൊഴുതാവീട്ടു പൂകിനാനാദര്‍ശ-
സമ്പന്നനാകു മൊരദ്ധ്യാത്മ പൂരുഷൻ!
മാതാവൊടൊത്തവിടത്തിലണഞ്ഞൊര-
ത്തേജസ്വിയെക്കണ്ടു കൈകൂപ്പി, വീട്ടുകാർ!
ആരവർ?....ശ്രീയേശുനാഥനമ്മയാം
കന്യകാമേരിയും, മററാരുമല്ലവർ!....

II

സദ്യക്കിരുന്നു ജനാവലിയൊക്കെയും
സ്വാദുതുളുമ്പും വിഭവങ്ങളപ്പോഴേ,

ഓരോന്നേ സാധുക്കളായ വിളമ്പുകാർ
ചാരെനിന്നങ്ങു വിളമ്പിത്തുടങ്ങിയാർ!
വീഞ്ഞുവിളമ്പിക്കഴിഞ്ഞു മുഴവനും,
കിട്ടാതെയൊട്ടുപേർശേഷിച്ചു പിന്നെയും,
കല്യാണകാരനീ കാര്യമറിയവെ,
കാണിനേരംഭയസ്തബ്ധനായ് നിന്നുപോയ്!
പാചകരൊക്കെ വിഷണ്ണരായ്തീ-
ന്ന,ധികാരിവൃന്ദങ്ങൾ പകച്ചങ്ങുനിന്നുപോയ്!
അങ്ങിങ്ങുപൂത്തു ലസിച്ചലതികക-
ളാനമ്രമാക്കിനിന്നോമൽ ശിരസ്സുകൾ!..........
പൂക്കളെച്ചുംബിച്ചു നീങ്ങിയ മാരുതൻ
നിശ്ചലംനിന്നുപോയ് ചെറുനേരം വൃഥാ! .......
അത്തികൾപൂത്തു തളിർത്തവയൊക്കെയു-
മത്തലാൽ മഞ്ഞദലങ്ങൾപൊഴിച്ചുടൻ ...
മുന്തിരിപ്പന്തലിൽ കിങ്ങിണിയിട്ടൊരാ-
മുന്തിരിങ്ങാക്കുല ഞെട്ടററു വീണുപോയ് ...

## III

കന്യകാമേരിയിൽ ഭീകരമീരംഗ-
മൊന്നൊടേ ചെന്നലച്ചുംബനടുങ്ങിയാൾ!
തൻപുത്രനോടിതു ചൊന്നാവൾ സാദരം
പുത്രനോ, നേരമായില്ലെന്നുചൊല്ലിനാൻ!
എങ്കിലും വേഗമഞ്ചാറു പാത്രങ്ങളിൽ
തണ്ണീർനിറയ്ക്കുവാനേകിനാനാജ്ഞയും!
ഏറമുൽക്കണ്ഠയോടാവുഭരണി, നീർ
കോരിയീശോയുടെ ചാരത്തുവെച്ചവർ!
വാഴ്ത്തി, ജഗത്രയം സൃഷ്ടിച്ചപാണിയാൽ
വാരിയെവീഞ്ഞാക്കി മാററിനാനീശ്വരൻ!
ഭൗതികവ്യാമോഹമാണ്ട മനുഷ്യനീർ,
സ്വർഗ്ഗീയവീഞ്ഞായി മാററുവാൻ വന്നവൻ ...
സ്വാദേററമേറുമാ വീഞ്ഞു വിരുന്നിന-
പ്പാചകരാനന്ദപൂർവ്വം വിളമ്പിയാർ.... .......

* * * * * * * * * * *

താവകചാരുകരത്തിനാലെന്തയേ,
സാദ്ധ്യമാകാത്തതീയൂഴിയിലീശ്വരാ!
ഇല്ലായ്മയിൽനിന്നു ലോകം ചമച്ചുനീ,
നല്ലജ്യോതിർഗോളമൊക്കെയും തീർത്തുനീ!
തുച്ഛമാം പൂഴിയാലല്ലയോ മർത്ത്യനെ
സത്യസ്വരൂപ, നീ, സൃഷ്ടിച്ചതോർക്കുകിൽ .........
താവകലീലാവിലാസങ്ങളല്ലെ, യീ-
ലോകവും ജീവജാലങ്ങളശേഷവും .........

# "ഞാനിതാ കമ്പിടുന്നേൻ"

By C. M. Mathew, Edayar.

("മലയപ്പുലയനാം മാടത്തിൻമുററത്തു്" എന്ന രീതി)

എരിപൊരികൊള്ളുമീ മരുവെയിൽവാസത്തിൽ,
പെരിയതപംമാററും വൻതണലേ!
വളരുന്നദാഹത്താൽ തളരുന്നദേഹിയ്ക്കൊ—
രരുമപളുങ്കൊളി നീരുറവെ!
വലയുംവിശപ്പിനാ നലയുന്നനേരത്തിൽ,
പുലരുവാനേകും സ്വർഭോജനമെ!
കുടിലിലെ ജീവിതക്ലേശമതുകണ്ട—
ങ്ങരമനയോളമുയർത്തുവോനെ!
ദുരിതമഴയാൽ വളരും പ്രളയത്തിൽ,
തിരുജനരക്ഷയിൻ പേടകമെ!
അരികളിൽ ഭീകര തീച്ചൂളജ്വാലയി—
ലരികിലമരും കൃപാക്കടലെ!
അടിമയിൽ കാഠിന്യശൃംഖലാബന്ധത്തിൽ,
വിടുതലരുളുന്ന രക്ഷിതാവെ!
ഉലകക്കടലിലെയലതല്ലിൽ മൂടിയാൽ,
ബലമേറും കരമേകി, താങ്ങുവോനെ!
മരണനിഴലിന്റെ താഴ്‌വരവാസിതൻ,
ശരണകൊട്ടമുടി ജീവിതേശാ!
പരിതാപക്കുപത്തിനാഴിയിൽ വീഴുന്നോ—
ക്കൊരുപാറയായ് നിലനില്പുവോനെ!
സുരലോകം പാരിടപാപികൾക്കേകുവാൻ,
പരമേകപാപമായ് തീർന്ന ക്രിസ്തോ!
ഇരുളിന്റെ ഭീതിയുമാന്ധ്യവും നീക്കിനൽ—
പരിശോഭവീശും വിൺഭാനുമാനെ!
അഴലോടലയുന്ന യജപോതജാലത്തെ,
തിരുമാറിലേററുന്ന മേഷപാലാ!
അഖിലമായ് നിന്നൊക്കരുളുന്നു, നിഖിലേശാ!
ഉലകത്തിലീദൃശമാരുള്ളീശാ!
മനതാരിലേറിന മധുഗീതമോദത്താൽ,
മദമെന്യേ "ഞാനിതാ കമ്പിടുന്നേൻ".

# സാറയുടെ വിലാപം.

(കേക)

തോമസ്, തളിത്ര.

"വയലിൽലില്ലികളും താമരലതകളും
നയനാകർഷകമായ് പതിവിൻപടിപൂത്തു.
വിരിഞ്ഞ പുഷ്പങ്ങളിൽ മുരളും മധുപങ്ങൾ
മംഗളധ്വനി ചാർത്തും പാട്ടുകളാലാപിപ്പൂ.



ആയതുകണ്ടീടുമ്പോൾ ജീവനായകാ! കഷ്ട—
മേതൊരുതമോലോകപ്പരപ്പിൽ പെട്ടാവു ഞാൻ!!
കൊച്ചുകാൽ പതിക്കാത്ത ഭവനമാണുലകത്തിൽ
ശൂന്യത കുടികൊള്ളും നരകക്കുഴി നാഥാ!
എന്തിനായ് നമുക്കയ്യോ! ഭാരിച്ച ഭൂസ്വത്തുക്കൾ?
എന്തിനായജവ്രതം? എന്തിനീക്കാലിക്കൂട്ടം?
എന്തിനായ് കളപ്പുര? മോഹനമണിമേട?
എന്തിനായ് കൃഷിസ്ഥലം? ശൂന്യമെ ധരാതലം.
പുഞ്ചിരി തൂകിക്കൊണ്ടിക്കൊച്ചുതാരങ്ങളെന്നും
ആകാശച്ചുരുളിന്റെ ഇടയിലൊളിക്കുമ്പോൾ
നെടുവീർപ്പലതല്ലും ഹൃത്തടം ദർശിക്കുന്നു
ശൂന്യമാം വിഹായസ്സും ശൂന്യമാമെൻഗേഹവും.
മച്ചികളുലകത്തിലെന്തിനായ് ജനിക്കുന്നു?
മച്ചിയെ സൃഷ്ടിച്ചവൻ മാത്രമിതറിയുന്നു!!
ഫലാഢ്യസസ്യങ്ങൾക്കു കൺദോഷം ഭവിയ്ക്കാതിരിപ്പാൻ
നിഷ്ഫലദ്രുമങ്ങളെ ചമച്ചു ജഗദീശൻ.
പച്ചിലപ്പടർപ്പിനാൽ വഞ്ചനചെയ്യും ഫല—
രഹിതതരുക്കളെ! നിഷ്ഫലം തവജന്മം."
ഏവമാസാധ്വി കഥിച്ചീടവെ കണ്ണിൽനിന്നു—
മഴലിൻമണിപോലെ രണ്ടു തുള്ളികൾ വീണു.
അത്തുള്ളി പൃഥ്വീതലമസൃണഹൃദന്തരം
നീററിയിട്ടുണ്ടാം തപ്തവികാരത്തിരതല്ലിൽ.
ആയതമിഴി വീണ്ടും തുടരുന്നിടയ്ക്കിടെ
നിർത്തിയും നെടുവീർപ്പാലുലയും ഗളത്തിനാൽ.
"എന്നുടെ ദാസി ഹാഗേർ മദിരമിഴിയാളെ
സ്വീകരിച്ചാലും ഭവാൻ; മടിയേണ്ടതിനേതും.
അങ്ങനെയെങ്കിലുമീ വമ്പിച്ച സ്വത്തിന്നൊരു
കുമാരൻ ജനിച്ചെങ്കിലായതെ മതിമതി.
ഹതഭാഗ്യയാമെന്റെ ജീവിതമലിയട്ടെ
കണ്ണുകളൊഴുക്കുന്ന ചുടുനീർച്ചാലിന്നുള്ളിൽ
നൈരാശ്യഗീതകങ്ങൾ പാടിയെൻ ശവക്കുഴി
വിളംബംവിനാ നാഥാ! ഞാൻതന്നെ ചമച്ചീടാം."

# യേശുതന്നെ ആശ്രയം

(ബ്രു. കിമുകന്ദേജി)

By സി. സി. മത്തായി, ചമ്പക്കോട്ടുകര.

ആശ്രയംനീ മതിയെ യേശുവെ—ആശ്ര
ആലമ്പമററവക്കാധാരംനീയേ
ആശിഷമേകിടും താനഗതിക്കു—ആശ്ര
ദിവ്യരക്ഷാകര നേതൃമഹേശൻ
നീതിയിൻ സൂരനായ്പാരിലുദിച്ചു—ആശ്രയം
ക്രിസ്തുവിലാകുകിൽ ഏതൊരുഭാഗ്യം
ആതങ്കംനീങ്ങിടുമെന്നന്നേക്കും....ആശ്രയം
മർത്ത്യരക്ഷാകര നേതൃമഹേശാ-
മോഹവുംഭോഗവും ത്യജിച്ചുനീപാരിൽ—ആശ്രയം
സംസാരമാകുമീഭീകരസാഗരെ-
താണിടാതടിയനെകാക്ക— ആശ്രയം

# വി. പൗലോസിന്റെ ജീവചരിത്രം.

(തുടച്ച്)

നെടുന്തള്ളിൽ ഗീവറുഗീസ് കത്തനാർ.

(c) തെക്കെ ഗലാത്യായിലെ സുവിശേഷവേല.

(ജൂലൈ 47—48)

(അപ്പ. പ്ര. 13:13—14:21)

കുപ്രോസിലേക്കുള്ള യാത്ര ബർന്നബാസിന്റെ തിരഞ്ഞെടുപ്പായിരുന്നെങ്കിൽ അടുത്തതു് പൗലോസിന്റെ തിരഞ്ഞെടുപ്പാണെന്നു് കരുതേണ്ടിയിരിക്കുന്നു. പാഫോസിൽനിന്നും, ജൂൺ അവസാനത്തിൽ അവർ കപ്പൽ കയറി ഏഷ്യാമൈനറിന്റെ തെക്കെ തീരത്തുള്ള പംഫിലിയാ സംസ്ഥാനത്തിൽപെട്ട പെർഗക്കു് വന്നു. പംഫിലിയായിൽ യഹൂദന്മാർ ധാരാളം ഉണ്ടായിരുന്നു. പെന്തിക്കൊസ്തിയിൽ പംഫിലിയായിൽനിന്നും യഹൂദന്മാർ വന്നിരുന്നതായി പറയുന്നുണ്ടല്ലൊ. (അപ്പ. പ്ര. 2:10) പെർഗാ പംഫിലിയായുടെ തലസ്ഥാനവും അത്താലിയാ ഒരു തുറമുഖവുമാണു്. പാഫോസിൽ നിന്നു് അത്താലിയാ തുറമുഖത്തു എത്തിയിട്ടു് കെസ്ത്രൂസ് നദിവഴി 6 മൈൽ മുകളിലുള്ള പെർഗയിൽ വരികയാണു് ചെയ്തതു്. പംഫിലിയായുടെ വടക്കുകിഴക്കു് തോറസ്സ് പർവ്വതനിര കിടക്കുന്നു. അവിടെ മദ്ധ്യവേനല്ക്കാലത്തു് അത്യുഷ്ണമാണു്. ഏഷ്യാമൈനറിന്റെ തെക്കെ തീരം മലമ്പനി ബാധിക്കുന്ന സ്ഥലമാണു്. ഇവിടെവച്ചു് പൗലോസിനു് മലമ്പനി ബാധിച്ചു. തുള്ളപ്പനിയും കഠിന തലവേദനയും, തന്നിമിത്തം കണ്ണിനുകൂടെ വിഷമവുമുണ്ടായി. (ഗലാ. 4:13—15)

പൗലോസിന്റെ "ശരീരത്തിലെ ബലഹീനത" എന്തു്? 53-ൽ ഗലാത്യക്കു് താൻ എഴുതുമ്പോൾ, അറു കൊല്ലം മുമ്പു് താൻ ആദ്യമായി അവരുടെയിടയിൽ വന്ന കാര്യം പ്രസ്താവിക്കുന്നുണ്ടു് (ഗലാ· 4:13—15.) അതിൽ മൂന്നു വസ്തുതകൾ കാണാം. 1) അദ്ദേഹത്തിനു് ശ-

രീര ബലഹീനത ഉണ്ടായിരുന്നു. 2) ആ ബലഹീനത തന്നെ ഞെരുക്കിക്കൊണ്ടിരുന്നുവെന്നു മാത്രമല്ല, തന്റെ അടുത്തുണ്ടായിരുന്നവർക്കും വിഷമമുണ്ടാകുന്നതും അവർക്ക് ഒരു പരീക്ഷയായിരുന്നു. 3) അതു്, തന്റെ കാഴ്ചയെ ബാധിക്കുന്നതും, അവരുടെ പ്രത്യേക സഹതാപത്തെ ഉത്തേജിപ്പിച്ചതും ആയിരുന്നു. "കഴിയുമെങ്കിൽ അവരുടെ കണ്ണു് ചൂന്നെടുത്തു് തനിക്കു് നൽകുമായിരുന്നു." (ഗലാ. 4:15) ഇതിനെക്കുറിച്ചു് വി. ജെറോമിന്റെ കാലത്തു് പ്രചാരത്തിലിരുന്നിരുന്ന 4 അഭിപ്രായങ്ങളെപററി അദ്ദേഹം തന്നെ വിവരിക്കുന്നുണ്ടു്. 1) ശിശുക്കൾക്കു് പാലെന്നപോലെ, ഗലാത്യരോടു് സുവിശേഷിച്ചപ്പോൾ ആദ്യപാഠം പഠിപ്പിക്കേണ്ടിവന്നതു് (ഗലാ. 4:9); 2) തന്റെ ദൂതിനെ അവഗണിക്കുവാൻ കാരണമാക്കിയേക്കാമായിരുന്ന അദ്ദേഹത്തിന്റെ ശരീരസൗഷ്ഠവരാഹിത്യം; 3) അവരുടെ ഇടയിൽ താൻ ചെന്നപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന ഒരു രോഗം; (അതു് പാരമ്പര്യപ്രകാരം കഠിന തലവേദനയായിരുന്നു.) 4) ഗലാത്യയിലെ ശുശ്രൂഷയുടെ ആരംഭത്തിൽ സുവിശേഷവൈരികൾ അദ്ദേഹത്തോടനുവർത്തിച്ച നിന്ദയും പീഡകളും; "ജഡത്തിൽ ഒരു ശൂലം" (2 കോറ. 12:7) എന്നു് അപ്പസ്തോലൻതന്നെ പറയുന്നതു് എന്തർത്ഥത്തിലാണെന്നു നോക്കാം. ഇതിനെ സംബന്ധിച്ചു് പല അഭിപ്രായങ്ങളുമുണ്ടു്. 1) ജഡത്തിലെ എന്തെങ്കിലും രോഗം (ഇതു് ഏററവും പുരാതന വിവരണമത്രെ) ഈ രോഗം തലവേദനയാണെന്നും പറയുന്നു. 2) തലവേദനയാണെന്നുള്ള അഭിപ്രായം വി. ക്രിസസ്റ്റോം നിഷേധിക്കയും അപ്പസ്തോലനുണ്ടായ പീഡയാണെന്നു് പറയുകയും ചെയ്യുന്നു. (2 കോറ. 12:10.) 3) മദ്ധ്യകാലത്തെ ദയറാക്കാർ അദ്ദേഹത്തിന്റെ ജഡവികാര പരീക്ഷയാണെന്നു് സന്ദേഹിച്ചു. ഇതു് വൾഗേററു് വേദപുസ്തകത്താൽ തെററായി നടത്തപ്പെട്ടിട്ടുണ്ടായ റോമൻ കത്തോലിക്കാ വ്യാഖ്യാനമാണു്. "ജൂലിയസു് കേയിസർ, മഹമ്മദ്, ക്രോംവെൽ നെപ്പോളിയൻ എന്നിവരെപ്പോലെ പൗലോസും അപസ്മാരരോഗിയായിരുന്നുവെന്നു് ലൈററ് ഫുട്ടു് (Light foot) പറയുന്ന അഭിപ്രായം ശരിയല്ല. അപ്പസ്തോലന്റെ സ്വന്ത വചനത്തിൽ നിന്നുതന്നെ അദ്ദേഹത്തിന്റെ ബലഹീനത ശാരീരിക രോഗമാണെന്നു കാണാം. ഇതാണു് നമുക്കു് ലഭിക്കാവുന്നതിലേക്കും ഏററവും നിശ്ചയമായ അഭിപ്രായം. ഈ രോഗം മലമ്പനി ബാധിച്ചു കിടപ്പാൻ ഇടയായതത്രെ. അതു് പലപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കയും വളരെ വിഷമം വരുത്തുകയും ചെയ്തിരുന്നു. ജീവിതം മുഴുവൻ നീണ്ടുനിന്ന ഒരു സുഖക്കേടാണു് ഇതിനാൽ സംഭവിച്ചതു്. അതുണ്ടാകുമ്പോഴെല്ലാം, വലിയ ക്ഷീണവും വിഷമതയും സംഭവിച്ചിരുന്നു. പൗലോസ് പറയുന്നതു നോക്കുക, "ജഡത്തിൽ ഒരു ശൂലം," "എന്നെ കുത്തുവാൻ സാത്താന്റെ ദൂതൻ" (2 കോറ. 12:7.) ഈ ബലഹീനത ആത്മാവിനെ ദോഷകരമാംവണ്ണം ബാധിക്കാതെ ആത്മശക്തിയെ വർദ്ധിപ്പിക്കയാണല്ലോ ചെയ്തതു് (2 കോറ. 12:9)

പംഫിലിയായിലെ താമസം വിഷമമാകകൊണ്ടു് ഗലാത്യാ സംസ്ഥാനത്തിലെ ഉന്നത തടങ്ങളിലേക്കു് പോകുവാൻ അവർ തീരുമാനിച്ചു. മർക്കോസു് കൂടെപ്പോകാതെ, ഇവിടെനിന്നും തിരികെ നാട്ടിലേക്കു് പോയി. അദ്ദേഹത്തിനു് സ്ഥലം പിടിക്കായ്കയൊ, ജോലി അസഹ്യമായിത്തീരുകയൊ, മലേറിയാ വരുമെന്നു് ഭയപ്പെടുകയൊ മററൊ ചെയ്തിരിക്കണം.

തങ്ങളുടെ അനുചരനാൽ പരിത്യക്തരായി പൗലോസും, ബർന്നബാസും പെർഗാ വിട്ടു. തസ്കരനിബിഡവും മറുകര തരണത്തിനു് ദുസ്സാധകമായ അരുവികളോടുകൂടിയതും കിഴക്കാംതൂക്കായതുമായ തോറസു് പർവ്വതനിര കടക്കേണ്ടതുമുണ്ടായിരുന്നു. വേനലായിരുന്നതുകൊണ്ടു് കാട്ടാറുകൾ ഉണങ്ങിയിരുന്നതിനാൽ അവ കടപ്പാൻ പ്രയാസമുണ്ടായില്ല. എന്നാലും ഒരു രോഗിക്കു് ആ യാത്ര വിഷമകരംതന്നെ. ആഗസ്റ്റു് മാസാരംഭത്തിൽ അവർ പിസിദിയൻ അന്ത്യോഖ്യായിലെത്തി. ഈ അന്ത്യോഖ്യാ പഴയ പ്രിഗിയാ രാജ്യത്തിൽ പെട്ടതാണെങ്കിലും, പിസിദിയായുടെ അതിർത്തിക്കു ചേർന്നതാകയാൽ സിറിയൻ അന്ത്യോഖ്യായേയും മിയാണ്ടർ നദിമേലുള്ള അന്ത്യോഖ്യായേയും തിരിപ്പാനായി പിസിദിയൻ അന്ത്യോഖ്യാ എന്നു് വിളിക്കപ്പെട്ടിരുന്നു. എന്നാൽ ഈ പഴയ അതിർത്തി മാററപ്പെട്ടിട്ടു് അക്കാലങ്ങളിൽ അതു് ഗലാത്യാ എന്ന റോമാസംസ്ഥാനത്തിൽ ഉൾപ്പെട്ടതായിരുന്നു. ഗലാത്യാ എന്ന വലിയ സംസ്ഥാനം പംഫിലിയാ സംസ്ഥാനം തൊട്ടു് വടക്കുകിഴക്കോട്ടു് നെടുകെ, ഏഷ്യാമൈനർ കുറുകെ കിടക്കുന്നു. ഇതിൽ പഴയ പൊന്തുസ് രാജ്യവും, പഫ്ലഗോനിയായിൽ ഭൂരിഭാഗവും, പഴയ ഗലാത്യാ രാജ്യവും, ലിക്കോനിയാ പിസിദിയാ എന്നിവയുടെ മിക്കവാറും സ്ഥലങ്ങളും പ്രിഗിയായുടെ തെക്കുകിഴക്കെ ഭാഗവും ഉൾപ്പെടുന്നു. അന്ത്യോഖ്യാ പ്രിഗിയാ ഡിസ്ട്രിക്ടിലായിരുന്നു. പ്രിഗിയരും അവിടെ ഉണ്ടായിരുന്നു. സെലൂക്കസ് നിക്കത്തോർ, തന്റെ പിതാവായ അന്ത്യോക്കസ്സിന്റെ പേരിൻപ്രകാരം ഇതിനെ നാമകരണം ചെയ്തു. ആകയാൽ ഈ നഗരം ആരംഭത്തിൽ ഗ്രീക്കുനഗരമായിരുന്നു. സെലൂക്കസു് യഹൂദർക്കും പൗരാവകാശം കൊടുത്തതിനാൽ ഒരു നല്ല ഭാഗം യഹൂദരും അ



വിടെ ഉണ്ടായിരുന്നു. ബി. സി. 25-ലാണു് ഇതു് റോമാരാജ്യത്തിൽ ഉൾപ്പെട്ടതു്. ആഗസ്തോസു് ഇതിനെ ഒരു റോമൻ കോളനി ആക്കുകയും പിസിദിയൻ മലകളിലെ തസ്കരന്മാരിൽനിന്നും കച്ചവടപ്പാത സംരക്ഷിപ്പാൻ അവിടെ സൈന്യങ്ങളെ താമസിപ്പിക്കയും ചെയ്തു.

രോഗത്താലും മാർഗ്ഗദുഷ്ടതയാലും അവശനായിട്ടത്രെ പൗലോസു് അന്ത്യോഖ്യായിൽ എത്തിയതു്. അന്ത്യോഖ്യാ ഒരു കിളുന്ന സ്ഥലമായിരുന്നതുകൊണ്ടു് സ്വല്പം ആശ്വാസം ലഭിച്ചു. കുറെ ദിവസം പൗലോസു് സ്വസ്ഥത എടുക്കയും ബർന്നബാസു് ഇറങ്ങി സുവിശേഷിക്കയും ചെയ്തു. ആ കാലത്തു് ദൈവഗത്യാ, ലൂക്കോസെന്ന വൈദ്യനെ ഒരു നല്ല സ്നേഹിതനായി പൗലോസിനു ലഭിച്ചു. ഈ ലൂക്കോസു് ഒരു ഗ്രേക്കനും, ഒരു യഹൂദമതാനുസാരിയൊ അല്ലെങ്കിൽ കുറെക്കൂടെ ശരിയായിട്ടു്, "ദൈവഭക്തരി"ൽ (God fearers) ഒരാളുമൊ ആയിരുന്നു. ഇദ്ദേഹം പൗലോസിനെ ശുശ്രൂഷിച്ചു് ചികിത്സിക്കയുണ്ടായി. അപ്പസ്തോലന്റെ വായിൽനിന്നു് അദ്ദേഹം കേട്ടുപഠിക്കയും പ്രിയ ശിഷ്യനായിത്തീരുകയും ചെയ്തു. തന്റെ യജമാനനിൽനിന്നു് കേട്ടറിഞ്ഞപ്രകാരം രചിച്ച സുവിശേഷം, അപ്പസ്തോലപ്രവൃത്തികൾ എന്നീ വിശിഷ്ടഗ്രന്ഥങ്ങൾ നിമിത്തം വി. സഭ അദ്ദേഹത്തോടു് വളരെ കടപ്പെട്ടിരിക്കുന്നു. അദ്ദേഹം പിസിദിയൻ അന്ത്യോഖ്യാക്കാരനെന്നല്ലാതെ, സിറിയൻ അന്ത്യോഖ്യാക്കാരനെന്നു് വിചാരിക്കണമെന്നില്ല.

രണ്ടാഴ്ച കഴിഞ്ഞു് ഒരു ശാബതിൽ പൗലോസു് യഹൂദ സിന്നഗോഗിൽ പ്രസംഗിച്ചു. ഇതിൽ യഹൂദന്മാരെ കൂടാതെ "ദൈവഭയമുള്ളവരും" (God fearers) കാണും. "ദൈവഭയമുള്ളവരി"ൽ ഒരാൾ ലൂക്കോസായിരുന്നുവെന്നു് പറയണമെന്നില്ലല്ലോ. അന്നത്തെ സിന്നഗോഗിലെ വേദവായന ആവ. 1-ാം അദ്ധ്യായവും, ഏശായ 1-ാം അദ്ധ്യായവും ആയിരിക്കണം. അതിനെ തുടർന്നത്രെ അദ്ദേഹം പ്രസംഗിച്ചതു്. ഒരു ഗ്രീക്കു് വാചാലനെപ്പോലെ നിന്നുകൊണ്ടു് കൈ ഉയർത്തി ശ്രദ്ധയെ ആകർഷിച്ചത്രെ പ്രസംഗിച്ചതു്. ജനത്തിനു് വളരെ ആകർഷണമുണ്ടായിട്ടു് അടുത്ത ശാബതിലും ഉപദേശിക്കണമെന്നാവശ്യപ്പെട്ടു. അന്നു് ധാരാളം ജനം തടിച്ചുകൂടി. അതിൽ യഹൂദന്മാർക്കു് അസൂയതോന്നി എതിർത്തു. അപ്പോൾ, പൗലോസും ബർന്നബാസും, "ദൈവവചനം ആദ്യം നിങ്ങളോടു പറയുന്നതു് ആവശ്യമായിരുന്നു; എന്നാൽ നിങ്ങൾ അതിനെ തള്ളി നിങ്ങളെതന്നെ നിത്യജീവനു് അയോഗ്യരെന്നു് വിധിച്ചുകളയുന്നതിനാൽ, ഇതാ, ഞങ്ങൾ ജാതികളിലേക്കു് തിരിയുന്നു" എന്നു പറഞ്ഞു. ജാതികൾ ഇതുകേട്ടു സന്തോഷിച്ചു് കർത്താവിൽ വിശ്വസിച്ചു. (അപ്പ. പ്ര. 13:42—48). ആ നാട്ടിലെല്ലാം സുവിശേഷം പരന്നു. യഹൂദന്മാർക്കു് വാശിമൂത്തു്, "ദൈവഭയക്കാരിൽ" മജിസ്ട്രേട്ടന്മാരുടെ ഭാര്യമാരായി ചില സ്ത്രീകളുണ്ടായിരുന്നവരെ പ്രേരിപ്പിച്ചു. ഇവർ ഭർത്താക്കന്മാരെക്കൊണ്ടു് പൗലോസിന്റേയും ബർന്നബാസിന്റേയും നേരെ ഉപദ്രവമുണ്ടാക്കി. അവർ കാലിലെ പൊടി തട്ടിക്കളഞ്ഞു് അവിടം വിട്ടു. (അപ്പ. പ്ര. 13:49—51).

അന്ത്യോഖ്യായിൽ നിന്നു് അവരെ ആട്ടിക്കളഞ്ഞതു് ഒക്ടോബർ അവസാനമായിരുന്നു. അവിടെനിന്നു് 80-മൈൽ കിഴക്കായി ലിക്കോണിയാ ഡിസ്ട്രിക്ടിലെ പ്രധാന പട്ടണമായ ഇക്കോണിയത്തിലേക്കു് വന്നു. ഇതു് ദമസ്കോസിനെപ്പോലെ വളരെ പുരാതനമായ ഒരു പട്ടണമാണു്. ഇവിടെയും അന്ത്യോഖ്യായിലെപ്പോലെ സംഭവിച്ചു. വളരെപ്പേർ വിശ്വസിച്ചു. യഹൂദന്മാർ എതിർത്തുവെങ്കിലും അവരിൽനിന്നും അനേകർ വിശ്വസിക്കയുണ്ടായി. പല അത്ഭുതങ്ങളും പ്രവർത്തിക്കപ്പെട്ടു. ജനം ഭിന്നിച്ചു് രണ്ടു കക്ഷിയായിത്തീർന്നു. യഹൂദന്മാരും അവരുടെ സിവിൽകാര്യങ്ങൾ നടത്താൻ ആഗസ്തോസു് സ്ഥാപിച്ച സിവിൽ അധികാരികളായ പ്രമാണികളും (Archons) കൂടി പൗലോസിനേയും ബർന്നബാസിനേയും കല്ലെറിവാനും അപമാനിക്കുവാനും ഭാവിച്ചപ്പോൾ, അതറിഞ്ഞു് ലുസ്ത്ര, ദെർബ്ബ എന്നീ സ്ഥലങ്ങളിലേക്കു് മാറിപ്പോയി. (അപ്പ. പ്ര. 14:1—5).

പൗലോസും ബർന്നബാസും ഇക്കോണിയം വിട്ടു് ലുസ്ത്രയിലേക്കു വന്നു്, ചുററിസഞ്ചരിച്ചു് പ്രസംഗിച്ചു. ഇവിടെ യൂനീസു് എന്നൊരു വിധവയായ യഹൂദസ്ത്രീ ഉണ്ടായിരുന്നു. ഇവൾക്കു് തീമോഥെയോസു് എന്നൊരു മകനും ലോയിസു് എന്നു പേരായ ഒരമ്മയും ഉണ്ടായിരുന്നു. കാവ്യനായ ഭർത്താവു് മരിച്ചുപോയിരുന്നു. ഇവർ മൂവരും വിശ്വസിച്ചു. ഇവരുടെ ഭവനത്തിലായിരിക്കണം പൗലോസും മററും താമസിച്ചതു്. ലുസ്ത്രായിൽ ഒരു പിറവിമുടന്തനെ അവർ സൗഖ്യമാക്കി. ലുസ്ത്രാക്കാർ, ഇവർ ദേവന്മാരാണെന്നു വിചാരിച്ചു് ബർന്നബാസിനെ ഇന്ദ്രൻ എന്നും പൗലോസിനെ ബുധൻ എന്നും വിളിക്കയും ഇവർക്കു് ബലികഴിപ്പാനായി ക്ഷേത്രത്തിലെ ആചാര്യൻ കാളകളേയും പൂമാലകളേയും കൊണ്ടുവരികയും ചെയ്തു. അപ്പോൾ പൗലോസും ബർന്നബാസും തടുത്തുകൊണ്ടു്, "ഞങ്ങൾ ദേവന്മാരല്ല, മനുഷ്യർ മാത്രമാണെന്നും വിഗ്രഹാരാധനയാകുന്ന വ്യർത്ഥകാര്യങ്ങളെ വിട്ടു് സത്യദൈവത്തിങ്കൽ

ലേക്ക് തിരിപ്പിക്കയത്രെ തങ്ങളുടെ ജോലിയെന്നും അവരെ ധരിപ്പിച്ചു. വിഗ്രഹാരാധന തടസ്ഥപ്പെടുത്തിയതു് ജനത്തിനു് അഹിതമായി തീൎന്നുകാണും. അതോടുകൂടി, അന്ത്യോഖ്യായിൽനിന്നും, ഇക്കോണിയത്തിൽ നിന്നും കുറെ യഹൂദന്മാർ വന്നു്, ഇവർ പറയുന്നതെല്ലാം കളവാണെന്നു പറഞ്ഞു് പുരുഷാരത്തെ വശീകരിച്ചു് പൗലോസിനെ കല്ലെറിഞ്ഞു. ഇക്കോണിയത്തിൽ വച്ചു് കല്ലെറിവാൻ ഭാവിച്ചതേയുള്ളൂ; ഇവിടെ വച്ചു് കല്ലെറിയുകതന്നെ ചെയ്തു. (2 കോര. 11: 25) മരിച്ചെന്നു കരുതി പൗലോസിനെ അവർ വലിച്ചിഴച്ചു് പട്ടണത്തിനു പുറത്തു് ഇട്ടേച്ചുപോയി. സന്ധ്യയായിരുന്നു; ശിഷ്യന്മാർ വ്യസനാക്രാന്തരായി ചുററും നിന്നു. എന്നാൽ, അവർ വിസ്മയഭരിതരാകുമാറു് പൗലോസ് എഴുന്നേററു വന്നു. പിറേറദിവസം ബന്നബാസിനോടുകൂടെ ദർബക്കു് പോകയും ചെയ്തു. ഇതു് സെപ്ററംബറിലത്രെ. സ്തേഫാനോസിനെ കല്ലെറിഞ്ഞപ്പോൾ അതിൻെറ ഫലമെന്നോണം പൗലോസിനെ ലഭിച്ചതുപോലെ ഇപ്പോൾ പൗലോസിൻെറ നേൎക്കുള്ള കല്ലേറുമൂലം തീമോഥെയോസ് എന്നൊരു ദൈവഭൃത്യനെക്കൂടി കൂട്ടുകാരനായി ലഭിച്ചു.

ദർബ്ബ, ലുസ്ത്രുക്കു് തെക്കുകിഴക്കു് ഗലാത്യായിലെ അതൃത്തിയിലും അന്ത്യോക്കസ്സിൻെറ രാജ്യത്തിനടുത്തും സ്ഥിതിചെയ്യുന്നു. ഇവിടെയും സുവിശേഷവേലയിൽ നല്ല ഫലമുണ്ടായതായി കാണുന്നു. അന്ത്യോഖ്യാ, ഇക്കോണിയം, ലുസ്ത്രു എന്നീ സ്ഥലങ്ങളിൽവച്ചു് ഉണ്ടായപോലുള്ള പീഡ (2 തീമൊ. 3: 11) ഇവിടെവച്ചു് ഉണ്ടായില്ല. അവിടെയുള്ള അനേകം ശിഷ്യന്മാരിൽ ഒരാൾ ഗായോസത്രെ. (അപ്പ. പ്ര. 20: 4) ഇയാൾ പൗലോസിനു് പ്രയോജനമുള്ള ഒരു സഖിയായിരുന്നു.

# ചോദ്യോത്തരപംക്തി.

എം. സി. ജോസഫ്, പള്ളം.)

ചോദ്യം 1. കാനാവിലെ കല്യാണത്തിനു് യേശുതമ്പുരാൻ തൻെറ മാതാവിനെ 'സ്ത്രീ' യെന്നു് സംബോധന ചെയ്തതു് എന്തുകൊണ്ടു്?

ഉ: യേശുതമ്പുരാൻ കന്യക മറിയാമിൽനിന്നും ജനിച്ചവനാണെന്നും അവൾ തൻെറ മാതാവാണെന്നും അന്നത്തെ ലോകത്തിനു് നല്ലപോലെ അറിയാമായിരുന്നു. എന്നാൽ പുരുഷസംബന്ധം കൂടാതെ കന്യക ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിച്ചുവെന്നു് അധികംപേരും വിശ്വസിപ്പാൻ കഴിഞ്ഞില്ല. അതിനാൽ താൻ സ്വാഭാവിക വിവാഹത്താൽ ജനിച്ചവനല്ലെന്നും, പ്രത്യുത, സ്വഭാവാതീതമായി ജനിച്ചവനാണെന്നും ലോകത്തെ ഗ്രഹിപ്പിക്കുവാൻവേണ്ടി സ്വാഭാവികമായ രീതിയിൽ അമ്മ' എന്നു വിളിക്കാതെ 'സ്ത്രീ' എന്നു് സംബോധന ചെയ്തു. ക്രൂശിന്മേൽ കിടന്നുകൊണ്ടുപോലും താൻ ഈ സത്യം അവിശ്വാസികളെ ബോദ്ധ്യപ്പെടുത്തി. സ്ത്രീ എന്നതിൻെറ മൂലപദത്തിനു് അമ്മ എന്നുകൂടി അൎത്ഥമുണ്ടു്.

(ററി. എം. ആൻഡ്രൂസ്, ചിങ്ങവനം.)

ചോദ്യം 2. ഉല്പത്തിപുസ്തകം 1-ാം അദ്ധ്യായം 25-ാംവാക്യത്തിൽ "നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക." എന്നു പറഞ്ഞിരിക്കുന്നതിൻെറ അൎത്ഥമെന്തു്.?

ഉ: ഇവിടെ സ്വരൂപമെന്നും സാദൃശ്യമെന്നും രണ്ടു പദങ്ങളാണു് ഉപയോഗിച്ചിരിക്കുന്നതു്. ദൈവം ആത്മാവാകയാൽ അവനു് ഒരു രൂപമുണ്ടായിരിക്കുവാൻ നിവൃത്തിയില്ല. അതിനാൽ ആത്മാവിൻെറ സ്വരൂപം എന്നു പറഞ്ഞാൽ അതിൻെറ ഗുണങ്ങളാണു്. അവ, ന്യായബുദ്ധി, വിവേകം, മനസ്സു്, ഓൎമ്മ, സങ്കല്പം എന്നിവകളാണു്. ഈ സ്വരൂപത്തിൽ താൻ മനുഷ്യനെ സൃഷ്ടിച്ചു.

ഇനി സാദൃശ്യം എന്താണെന്നു് മനസ്സിലാക്കണം. ദൈവത്തിൻെറ സാദൃശ്യം ആത്മീകവും സാന്മാൎഗ്ഗികവുമായ ഒരന്തരീക്ഷത്തിൽ സ്ഥിതിചെയ്യുക എന്നുള്ളതാണു്. മനുഷ്യനും ഇപ്രകാരമുള്ള ഒരു സാഹചര്യത്തിലും അന്തരീക്ഷത്തിലും വളരുവാൻ തക്കവണ്ണം തൻെറ സാദൃശ്യപ്രകാരം അവനെ സൃഷ്ടിച്ചു: എന്നാൽ സ്വതന്ത്രസൃഷ്ടിയായ മനുഷ്യനു് ഈ സാദൃശ്യത്തിൽനിന്നും വിട്ടുമാറി ജീവിക്കാമെങ്കിലും തൻെറ സ്വരൂപത്തിൽനിന്നും മാറിപോകുവാൻ നിവൃത്തിയില്ല. സാദൃശ്യത്തിൽനിന്നും അകന്നുപോകുന്നവൻ പശ്ചാത്തപിച്ചു് വീണ്ടും ദൈവസംസൎഗ്ഗത്തിലേക്കു് വന്നുചേരേണ്ടിയിരിക്കുന്നു. ഇങ്ങനെ ദൈവത്തിൻെറ സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു.

(ജി. വറുഗീസ്, വെലിപ്പറമ്പിൽ)

ചോദ്യം 3. മത്തായി 5-ാം അദ്ധ്യായത്തിൽ പറയുന്ന ദരിദ്രന്മാർ ആരാകുന്നു?



ഉ: ആത്മാവിൽ ദരിദ്രന്മാർ എന്നു പറഞ്ഞാൽ ധനമില്ലാത്ത ദരിദ്രന്മാരല്ല; എന്നാലൊ ധനമുണ്ടായിട്ടും അതിനെ നിസ്സാരമെന്നു് വിചാരിക്കയും ദരിദ്രന്മാൎക്കു് വാരി വിതറി കൊടുക്കുകയും ചെയ്യുന്ന അന്യായമില്ലാത്ത നീതിമാന്മാരാകുന്നു. ധനം സമ്പാദിപ്പാൻ കഴിയുമായിരുന്നിട്ടും സ്വൎഗ്ഗരാജ്യത്തെ കുറിച്ചു് അതു് വേണ്ടെന്നു വെക്കുന്ന ഈഹീദായക്കാരും ദയറായക്കാരും ആത്മാവിൽ ദരിദ്രന്മാർ തന്നെയാണു്. അതുപോലെതന്നെ ധനം സമ്പാദിച്ചിട്ടു് അതിന്മേൽ ശരണം വക്കാതെ അതുകൊണ്ടു് ന്യായമായി പെരുമാറിയ അബ്രാഹാമിനേയും ഇയ്യോബിനേയും പോലുള്ളവർ. ഇങ്ങനെയുള്ളവരെകുറിച്ചാകുന്നു "ആത്മാവിൽ ദരിദ്രന്മാർ ഭാഗ്യവാന്മാർ; സ്വൎഗ്ഗരാജ്യം (ഉയിൎപ്പിനു ശേഷമുള്ള പരമാനന്ദം) അവൎക്കുള്ളതാകുന്നു" എന്നു് നമ്മുടെ കൎത്താവു് കല്പിച്ചിരിക്കുന്നതു്.

(എം. പി. വൎക്കി, കുത്താട്ടുകുളം.)

ചോദ്യം 4. വി. മത്തായിയുടെ സുവിശേഷത്തിൽ (9: 18.) യായീറോസിൻെറ മകൾ മരിച്ചുവെന്നും മൎക്കോസിൻെറയും ലൂക്കോസിൻെറയും സുവിശേഷങ്ങളിൽ (5: 22; 8: 40) അവൾ രോഗത്തിൽ കിടക്കുന്നു എന്നും പരസ്പരവിരുദ്ധമായി പറയുന്നതെന്തുകൊണ്ടു്?

ഉ: യായീറോസിൻെറ മകളെപ്പററി മൂന്നു സുവിശേഷകന്മാരും പറഞ്ഞതു് ശരിതന്നെയാണു്. അവൾ മരിക്കാറായിരുന്നു. യേശു വന്നതിൻെറ ശേഷം അവൾ മരിച്ചുവെന്നു് അറിയിക്കുകയും ചെയ്തു. ഓരോരുത്തരും ഓരോ സമയത്തെപ്പററി പറഞ്ഞുവെന്നേയുള്ളൂ. വി. മത്തായി മ്ശീഹാ ചെയ്ത അടയാളത്തെ വിവരിക്കണമെന്നു മാത്രം കരുതിയതുകൊണ്ടു് മരിച്ചതിനു ശേഷമുള്ള സംഭവങ്ങൾക്കു് പ്രാധാന്യം കൊടുത്തു. മററു രണ്ടുപേരും അവൾ രോഗത്തിൽ കിടക്കുമ്പോൾ മുതലുള്ള കാൎയ്യങ്ങൾ പറഞ്ഞുവെന്നേയുള്ളൂ.

ചോദ്യം 5. "മനുഷ്യനെ തൻെറ അപ്പനോടും മകളെ അമ്മയോടും മരുമകളെ അമ്മാവിയമ്മയോടും ഭിന്നിപ്പിക്കുവാനത്രെ ഞാൻ വന്നതു്" (മത്ത. 10: 35) എന്നു പറഞ്ഞതിൻെറ അൎത്ഥമെന്തു്?

ഉ: പുത്രന്മാർ കൎത്താവിൽ വിശ്വസിക്കുകയും പിതാക്കന്മാർ വിശ്വസിക്കാതിരിക്കുകയും, അല്ലെങ്കിൽ പിതാക്കന്മാർ വിശ്വസിക്കുകയും പുത്രന്മാർ വിശ്വസിക്കാതിരിക്കുകയും ചെയ്യുമ്പോൾ അവർ തമ്മിൽ ഭിന്നിച്ചു് പിതാവു് പുത്രനോടും മാതാവു് പുത്രിയോടും നേരെമറിച്ചും എതിൎക്കും. ക്രിസ്തുമാൎഗ്ഗം അറിയുന്ന ഓരോ കുടുംബത്തിലും വിശ്വസിക്കുന്നവരും വിശ്വസിക്കാത്തവരുമായി ഒരു എതിൎപ്പുണ്ടാകും. സത്യവിശ്വാസത്തിനുവേണ്ടി ഇങ്ങനെ ഒരു ഭിന്നിപ്പു് ഉണ്ടാകേണ്ടതു് ആവശ്യമാകുന്നു എന്നൎത്ഥം.

# വീട്ടമാമ്മോദീസ്സാ.

10-ാംലക്കം സഭാചന്ദ്രികയിലെ ചോദ്യോത്തരപംക്തിയിൽ എഴുതിയിരുന്ന വീട്ടമാമ്മോദീസ്സായെ തിരുത്തി 13-ാംലക്കത്തിൽ നമ്മുടെ പ്രിയപ്പെട്ട സഹോദരൻ ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എഴുതിയിരുന്നതു് അതീവ സന്തോഷത്തോടുകൂടി വായിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ അഭിപ്രായത്തോടു് നാം പൂൎണ്ണമായി യോജിക്കുന്നു. "വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ജനിക്കാത്തവർ സ്വൎഗ്ഗത്തിൽ പ്രവേശിക്കുന്നില്ല" എന്നു് മ്ശീഹാതമ്പുരാൻ കല്പിച്ചിരിക്കുന്നു. അതിനാൽ വീട്ടമാമ്മോദീസ്സാക്കു്, പത്രസ്വീകരണത്തിനും വീണ്ടും ജനനത്തിനും മററുമായി പ: മൂറോൻ ഉപയോഗിപ്പാൻ ആവശ്യമാകുന്നു. പള്ളിയിൽവച്ചു് ഒരു കുട്ടിയെ മാമ്മോദീസ്സാ മുക്കുന്നതുപോലെതന്നെ വീട്ടിൽവച്ചും മാമ്മോദീസ്സാ മുക്കുവാൻ വിരോധമില്ലാത്തതാണു്. പിന്നീടു് പൂൎത്തീകരിക്കുവാൻവേണ്ടി ഒന്നും വിട്ടുകളയേണ്ടതുമില്ല.

നമ്മുടെ പള്ളികൾ ഇല്ലാതെ, ജനങ്ങൾ മാത്രമുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും സഞ്ചരിച്ചു് വിശ്വാസികളെ സന്ദൎശിക്കുന്ന മെത്രാപ്പോലീത്താമാരും കശ്ശീശന്മാരും പലപ്പോഴും അവിടെവച്ചു് പ: കർബ്ബാനയണയ്ക്കുകയും വി: മൂറോൻ കൊണ്ടുപോയി മാമ്മോദീസ്സാ മുക്കുകയും ചെയ്യുന്നതായി കാണുന്നുണ്ടു്. ചില അവസരങ്ങളിൽ അക്രൈസ്തവരുടേയും വേദവിപരീതികളുടേയും വീട്ടുകളിൽ താമസിക്കുന്ന വിശ്വാസികൾക്കു് വി: മാമ്മോദീസ്സായും കർബ്ബാനയും അവിടെവച്ചു് ചെയ്തുകൊടുക്കുന്നതായും കാണുന്നു. ആ സ്ഥിതിക്കു് അത്യാവശ്യമെങ്കിൽ വിശ്വാസികളുടെ ഭവനത്തിൽവച്ചു് വി. മാമ്മോദീസ്സാ പൂൎണ്ണമായി നടത്തിക്കൊടുക്കുന്നതിൽ എന്തു വിരോധമാണുള്ളതു്? മാമ്മോദീസ്സാ മുക്കുവാൻ കൊള്ളാവുന്ന ഒരു പാത്രം പള്ളിയിൽ സൂക്ഷിച്ചുവച്ചിരുന്നാൽ അത്യാവശ്യ അവസരങ്ങളിൽ അതു് വീട്ടമാമ്മോദീസ്സാക്കു് ഉപ

യോഗപ്പെടുത്താം. മാമ്മോദീസാവെള്ളം വെടിപ്പുള്ള സ്ഥലത്ത് കഴിച്ചുമൂടുകയൊ പള്ളിയിൽ കൊണ്ടുപോയി മാമ്മോദീസ്സാകല്ലിൽ ഒഴിക്കുകയൊ ചെയ്യണം. ഒരു ആചാര്യന് തന്റെ ഇടവകക്കു പുറത്ത് വിദേശപര്യടനം നടത്തണമെങ്കിൽ ഇടവക മെത്രാപ്പോലിത്തായുടെ അനുവാദം വാങ്ങേണ്ടതാണ്. നിങ്ങളുടെ അറിവിന് തല്ക്കാലം ഇതു മതി.

അന്ത്യോഖ്യാ പ്രതിനിധി ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്താ.

മാർ ഇഗ്നാത്തിയോസ് ദയറ,
ഓമല്ലൂർ,
10—4—1124.

ഒപ്പ്

# നമ്മുടെ ചില പള്ളിരജിസ്റ്ററുകൾ.

(Kottalil P. Abraham, Advocate)

(തുടച്ച്)

അങ്ങിനെയുള്ള വയസ്സുനിര്ണ്ണയത്തിനു മാമ്മോദീസാ രജിസ്റ്ററിലെ ജനനതീയതി സഹായകമായിരിക്കുന്നതാണ്. പ്രായപൂർത്തി തക്കങ്ങളിലും മാമ്മോദീസാ രജിസ്റ്റർ ഒരു രേഖാ തെളിവാണ്. കോടതികളിലെ തെളിവിന് ആ രജിസ്റ്ററിന്റെ പകപ്പ് മതിയാകാത്തതും അസ്സൽ രജിസ്റ്റർ തന്നെ ഹാജരാക്കേണ്ടതുമാണ്. ആ സ്ഥിതിയ്ക്കു ആരും ചുമതലപ്പെട്ട് ഒപ്പിട്ടിട്ടില്ലാത്തതും അശ്രദ്ധയായും അലക്ഷ്യമായും രേഖപ്പെടുത്തപ്പെടുന്നതുമായ രജിസ്റ്ററുകൾ നിഷ്പ്രയോജനങ്ങളായി മാത്രം ഇരിക്കുന്നതാകുന്നു. ജനനതീയതി സംബന്ധിച്ച് സ്കൂൾ രജിസ്റ്ററുകളും താലൂക്ക് രജിസ്റ്ററുകളും ചിലപ്പോൾ ഭിന്നമായി കാണപ്പെടാറുള്ളതും അപ്പോൾ മാമ്മോദീസാ രജിസ്റ്റർ ഉപകരിക്കുന്നതുമാകുന്നു. പലരുടേയും ഉദ്യോഗവയസ്സുകൾക്ക് മാമ്മോദീസാ രജിസ്റ്റർ ആവശ്യത്തിൽ വരുത്തിയിട്ടുണ്ട്. പള്ളി സംബന്ധമായ ആവശ്യങ്ങൾക്ക് നമ്മുടെ സ്വന്തം റിക്കാർട്ടുകളും രജിസ്റ്ററുകളും ഉണ്ടായാൽ ആ വകക്ക് സ്കൂളിലും താലൂക്കിലുമുള്ള രേഖകളുടെ പകപ്പ് തേടാതെയിരിക്കുന്നതു കൂടുതൽ സൗകര്യവും ലാഭകരവും എളുപ്പവുമായിരിക്കുമല്ലൊ. കള്ളപ്രമാണവും ആൾമാറാട്ടവും സംബന്ധിച്ച ചില കേസ്സുകളിൽ പള്ളികളിലെ മരണരജിസ്റ്റർ ഉപയോഗപ്പെടുത്തിക്കണ്ടിട്ടുണ്ട്. ഇങ്ങനെയെല്ലാമാണ് ഈ ഓരോ രജിസ്റ്ററും പ്രാധാന്യം അർഹിക്കുന്നതു. പള്ളികളിൽ രജിസ്റ്ററുകൾ ആവശ്യമില്ലെന്ന് സമർത്ഥിക്കുന്ന ചിലരുടെ വാദത്തിന് മറുപടിയായി ഇത്രയും വിശദപ്പെടുത്തേണ്ടി വന്നതാകുന്നു. പ്രസ്താവ രജിസ്റ്ററുകളുടെ ഉള്ളടക്കത്തിൽ എന്തെല്ലാം വിവരങ്ങൾ ചേർത്തിരിക്കണമെന്നുള്ള ഒരു പ്രശ്നം തല്ക്കാലം ഉദിക്കുന്നില്ല. കാരണം, രജിസ്റ്ററുകൾ സൂക്ഷിക്കുന്നിടത്തെല്ലാം പ്രായേണ ഒരേ വിവരങ്ങൾതന്നെ ചേർക്കപ്പെട്ടിരിക്കുന്നതായിട്ടാണ് കണ്ടതു്. അവയെ കൂടുതൽ ഏകീകരിക്കണമെന്നു വരുമ്പോൾ ആ സംഗതി പ്രത്യേകം ചിന്താർഹവുമാണല്ലൊ. മാമ്മോദീസാ രജിസ്റ്ററുകളുടെ കാര്യത്തിൽ ഒരു സംഗതി പ്രത്യേകം ചൂണ്ടിക്കാണിക്കണമെന്നു തോന്നുന്നു. ഒരു ഇടവകയിലെ കുട്ടികളെ സൗകര്യമനുസരിച്ച് ഇതര ഇടവകയിൽവച്ച് ജ്ഞാനസ്നാനപ്പെടുത്തുന്നതു് സാധാരണയാണ്. ആ വിവരം ടി. കുട്ടികളുടെ ഇടവകപള്ളികളിൽകൂടി അറിയിക്കുന്നതിനും അവിടെയും രേഖപ്പെടുത്തുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതു് നന്നായിരിക്കും. അതിൽ സംബന്ധപ്പെട്ട വികാരിമാർ, ആവശ്യമായ പകർപ്പുകൾ കുട്ടികളുടെ ഇടവക വികാരിമാൎക്ക് അയച്ചുകൊടുക്കുവാനും ഇടവക വികാരിമാർ അവരുടെ പള്ളിയിലെ രജിസ്റ്ററിൽ വിവരം ചേർക്കുവാനും നിബന്ധന ഉണ്ടാകേണ്ടതാണ്. ഒരു രജിസ്റ്റർ കുറഞ്ഞതു് 25 കൊല്ലമെങ്കിലും ഭദ്രമായി പാലിക്കപ്പെടുവാൻ ഏർപ്പാടു ചെയ്യേണ്ടതാകുന്നു.

രജിസ്റ്ററുകൾ പള്ളികളിൽ സൂക്ഷിച്ചുവരുന്ന രീതിയും ന്യൂനതയും വെളിപ്പെടുത്തുന്നതിന് മേല്പറഞ്ഞ ഉദാഹരണങ്ങൾ സഹായകമായിരിക്കുമെന്ന് വിശ്വസിക്കുന്നു. അധികാരമുള്ളവർ ഇക്കാര്യങ്ങളിൽ ദൃഷ്ടി പതിച്ചാൽ ഞാൻ കൃതാർത്ഥനായി.

# ബാലപംക്തി.

13-ാം ചോദ്യത്തിന് ശരിയായി ഉത്തരം തന്നവർ:—

1) ജോർജ്ജ് വർഗ്ഗീസ്, കുമരകം. 2) പി. ജെ. ചാക്കൊ, കോട്ടയം 3) പി. വി. ചിന്നമ്മ, നായത്തോട്. 4) ടി. പി. പാപ്പച്ചൻ, ആലുവാ. 5) അവരാംകുഞ്ഞു്, മണർകാട്. 6) പി. വി. മാത്യു, പൂത്തോട്ട. 7) എ. വി. ചിന്നു, മഞ്ഞപ്ര. 8) പി. ടി. മറിയാമ്മ, അങ്കമാലി 9) മിസ് തങ്കമ്മ കോശി, പാറത്തോട്. 10) എം. ഏലിയാസ് വറുഗീസ്, ചേലാട്. 11) എം. അന്നാപ്പിള്ള വറുഗീസ്, ചേലാട്. 12) പി. എം. ചാണ്ടി, കോട്ടയം. 13) എബ്രാഹം കെ. ജേക്കബ്, കോട്ടയം. 14) കെ. കെ. വറുഗീസ്, കോതമംഗലം.

തോററവർ ആരും ഇല്ല.

ശരിയായ ഉത്തരം:— നിഖ്യാ: 325 A. D.
കുസ്തന്തീനോപ്പോലീസ് 381 A. D.
എഫേസൂസ് 431 A. D.

16-ാം ചോദ്യം:- വി. പത്രോസിന്റെ ലേഖനത്തിൽ മരിച്ചുപോയവരുടെ ആത്മാക്കളോട് സുവിശേഷം അറിയിച്ചതായി രണ്ടു വാക്യങ്ങളുണ്ട്. ഏവ?



# ക്രിസ്തുമതവും ആധുനികലോകവും

നി. വ. ദി. ശ്രീ. ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ചെറിയ വാപ്പാലശ്ശേരി മാർ ഇഗ്നാത്തിയോസ് സ: സ്കൂളിൽ സമ്മേളിച്ച, അങ്കമാലി സെൻറർ അദ്ധ്യാപകയോഗത്തിൽവച്ച് 1124 തുലാം 14-ാംനു ചെയ്ത പ്രസംഗത്തിന്റെ സംഗ്രഹം.

ശാസ്ത്രി, സാഹിത്യവിശാരദ്, പി. വി. പൗലോസ്, മേയ്ക്കാട്.

## I. മതങ്ങളെല്ലാം സന്മാര്ഗ്ഗാധിഷ്ഠിതമാണെങ്കിലും പരസ്പരം യോജിക്കുന്നില്ല.

ലോകത്തിൽ ഇന്ന് അനവധി മതങ്ങളുണ്ട്; ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട്. ക്രിസ്തുമതം, ഹിന്ദുമതം, മഹമ്മദുമതം മുതലായവ തുടങ്ങി ഇല്ലാമതംവരെ—അതായതു്, നിരീശ്വരത്വംവരെ—അനവധി മതങ്ങൾ ഇന്ന് ലോകത്തിലുണ്ട്. അവയെല്ലാം സന്മാര്ഗ്ഗനിയമങ്ങളാൽ അധിഷ്ഠിതമായിരിക്കുന്നു. അവ ഒന്നുംതന്നെ സാന്മാർഗ്ഗികനിയമങ്ങളിൽനിന്നും വ്യതിചലിക്കുവാൻ പഠിപ്പിക്കുന്നില്ല. ഒരു കൂട്ടരുടെ സന്മാര്ഗ്ഗം മറെറാരു കൂട്ടരുടെ ദുര്മ്മാര്ഗ്ഗമായി പരിണമിക്കുന്നുവെന്നുമാത്രം. നിരീശ്വരവാദി ഈശ്വരനില്ലെന്ന് വാദിക്കുമ്പോൾ സന്മാര്ഗ്ഗത്തിൽനിന്നും ഒട്ടുംതന്നെ വ്യതിചലിക്കുന്നില്ലെന്ന് അയാൾ വിശ്വസിക്കുന്നു. അതേസമയത്ത് ഈശ്വരാസ്തിക്യത്തെ നിഷേധിക്കുന്നതു് ഏററവും വലിയ തെററായി മറ്റുമതങ്ങൾ ഗണിക്കുന്നു. പരിണാമവാദം, വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം മുതലായ വാദകോലാഹലങ്ങളാൽ നിരീശ്വരവാദികൾ ദൈവവിശ്വാസികളെ മൂഢരാക്കുമ്പോൾ, ദൈവമില്ലെന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നുവെന്ന് ക്രിസ്ത്യാനികൾ എതിർക്കും. ഇങ്ങനെ നോക്കുമ്പോൾ ഏതു മതവും അതാതു മതക്കാരുടെ പക്ഷത്തിൽ സന്മാര്ഗ്ഗാധിഷ്ഠിതമാണെങ്കിലും ഒന്ന് മറെറാന്നിനോട് യോജിക്കുന്നില്ലെന്നു കാണാം. എന്നാൽ ഇതിലേതാണ് സത്യമായ മതം? ഏതാണ് സത്യമായ വിശ്വാസം?

## 2. പരിണാമവാദത്തിന്റെ അസ്ഥിരത.

ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ടില്ലെന്നും സമുദ്രത്തിലുണ്ടായ ചില നിശ്ചലവസ്തുക്കളിൽ ആദ്യമായി ജീവനുതടവിയ്ക്കുകയും അവ അനേകകോടി സംവത്സരങ്ങൾകൊണ്ട് തേൾ, പഴുതാര, തവള, കുരങ്ങ് മുതലായ പടികളിൽകൂടി കടന്ന് ഒടുവിൽ മനുഷ്യനായി പരിണമിയ്ക്കുകയും ചെയ്യുകയാണുണ്ടായതെന്നും ഒരു വലിയ ചിന്തകനായിരുന്ന ഡാർവിൻ സ്ഥാപിക്കുന്നു. പക്ഷെ, പരിണാമശൃംഖലയുടെ നടുവിലുള്ള ചില കണ്ണികൾ കാണ്മാൻ അദ്ദേഹത്തിനും സാധിച്ചില്ല. ഒരുപക്ഷെ, അതു് സാദ്ധ്യവുമല്ലായിരിക്കാം! "പരിണാമവാദം ഒരു വിശ്വാസം മാത്രമാണെന്ന് ഡാ: സ്കോട്ടും" "മനുഷ്യൻ എങ്ങനെ ഉത്ഭവിച്ചുവെന്നും എവിടെനിന്നും ഉണ്ടായെന്നും ഞങ്ങൾക്കറിഞ്ഞുകൂടാ. മനുഷ്യോൽപത്തിയെ സംബന്ധിച്ചുള്ള ഞങ്ങളുടെ പ്രസ്താവനകൾക്ക് തെളിവുകൾ കൊടുക്കുവാൻ ഞങ്ങൾക്കു് നിവൃത്തിയില്ല. ആകയാൽ ആ പ്രസ്താവനകൾക്ക് ശാസ്ത്രത്തിൽ ശാശ്വതസ്ഥാനമില്ലെന്ന് തോംസൺ, ഗഡീസ് എന്നീ പ്രൊഫസർമാരും" പറയുന്നു.

## 3. ക്രിസ്തുമതത്തിന്റെ വൈശിഷ്ട്യം.

ഡാർവിൻപ്രഭൃതികൾ മനുഷ്യരായിരുന്നു. മഹമ്മദുമതസ്ഥാപകനായ മഹമ്മദ് ഒരു പ്രവാചകനായിരുന്നുവെന്നേ മഹമ്മദീയരും വിശ്വസിയ്ക്കുന്നുള്ളു. ഹിന്ദുമതത്തിന്റെ മൂലതത്വമായ ഭഗവൽഗീതയുപദേശിച്ച ശ്രീകൃഷ്ണൻ മഹാവിഷ്ണുവിന്റെ ഒന്നാമത്തെ അവതാരമായിരുന്നുവെന്ന് പുരാണങ്ങൾ ഘോഷിയ്ക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ പലതും ആത്മീയനിയമങ്ങളെ കവച്ചുവയ്ക്കുന്നതായി കാണാം. ചില പ്രത്യേക സാഹചര്യങ്ങളിൽ സ്വന്തം ബന്ധുക്കളേയും ആചാര്യന്മാരേയുംകൂടി നിഷ്കരുണം വധിച്ചുകളയുവാൻ ഗീത ഉപദേശിയ്ക്കുന്നു. പുരാണങ്ങൾ വെറും കെട്ടുകഥക

ളൊ അതിശയോക്തിപരങ്ങളായ ചരിത്രങ്ങളൊ ആണെന്നു് ഇന്നു പലരും സമ്മതിയ്ക്കുന്നുണ്ടു്. ശ്രീ ബുദ്ധൻ ഒരു രാജകുമാരനായി ജനിക്കുകയും അഹിംസാതത്വം ഉപദേശിച്ചു് കൃതാർത്ഥതയോടുകൂടി മരിയ്ക്കുകയും ചെയ്ത ഒരു മനുഷ്യനാണു്. ഇവരാരും 'ഞാൻ തന്നെയാണു് ദൈവ'മെന്നു് ഖണ്ഡിതമായി പറയുവാൻ ധൈര്യപ്പെട്ടിട്ടില്ല. അവർ സത്യത്തിലേയ്ക്കു് വഴി കാണിയ്ക്കുന്നതായി അവകാശപ്പെടുമ്പോൾ കർത്താവായ ശ്രീ യേശുക്രിസ്തു എന്തു പറയുന്നു? "ഞാൻതന്നെ വഴിയും സത്യവും ജീവനുമാകുന്നു. (യോഹ. 14: 6) "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (യോഹ. 14: 9). "ഞാനും പിതാവും ഒന്നാകുന്നു" (യോഹ. 10: 30). ഇതാണു് മററു മതസ്ഥാപകന്മാരും ക്രിസ്തുവുമായുള്ള അന്തരം. മററുള്ളവർ വഴി കാണിച്ചുകൊടുക്കുന്നതേയുള്ളു; ദൈവത്തിൽ ലയിക്കുവാൻ—ദൈവത്തോടു് ചേരുവാൻ—ഉപദേശിക്കുന്നതേയുള്ളു; അഥവാ, അങ്ങനെ ചെയ്യുന്നതായി അവകാശപ്പെടുന്നതേയുള്ളു. ശ്രീയേശുവൊ സ്വയം പ്രഖ്യാപനം ചെയ്യുന്നു: "ഞാൻതന്നെ വഴിയും സത്യവും ജീവനുമാകുന്നു...എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു... ഞാനും പിതാവും ഒന്നാകുന്നു...."എന്നു്. മററു മതങ്ങളിൻ ഉപദേശങ്ങളാണു് മതത്തിന്റെ അടിത്തറ. ക്രിസ്തുമതത്തിന്റെ മൂലമൊ ഉപദേശങ്ങളല്ല, ക്രിസ്തുതന്നെയാണു്. ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കല്ല, ക്രിസ്തുവിനാണു് കൂടുതൽ പ്രാധാന്യം.

ഫിലിപ്പിന്റെ കൈസര്യയിൽവച്ചു് ഒരിയ്ക്കൽ ക്രിസ്തു തന്റെ ശിഷ്യന്മാരോടു് ചോദിച്ചു: "ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു"വെന്നു്. (മത്താ. 16: 13). "ചിലർ യോഹന്നാൻ സ്നാപകനെന്നും മററു ചിലർ ഏലിയാവെന്നും വേറെ ചിലർ യിരമ്യാവൊ പ്രവാചകന്മാരിൽ ഒരുത്തനൊ എന്നും പറയുന്നുവെന്നു് അവർ പറഞ്ഞു. (മത്താ. 16: 14). അദ്ദേഹം ഉടൻതന്നെ ഒരു ചോദ്യംകൂടി ചോദിച്ചു: "നിങ്ങളൊ, എന്നെ ആർ എന്നു പറയുന്നു?" (മത്താ. 16: 15). വി: പത്രോസാണു് ഉത്തരം പറഞ്ഞതു്: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു." (മത്താ. 16: 16) പത്രോസിന്റെ വിശ്വാസസ്ഥിരതയോടുകൂടിയുള്ള ഏററുപറച്ചിൽ കേട്ടു് ശ്രീയേശു സന്തുഷ്ടനായി. അദ്ദേഹം കല്പിക്കുകയാണു്: "ബർയോനാ ശീമോനെ! നീ ഭാഗ്യവാൻ; ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ ഇതു നിനക്കു് വെളിപ്പെടുത്തിയതു്. നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു് ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിയ്ക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിയ്ക്കും" എന്നു്. (മത്താ. 16: 17-19) ഇവിടെയാണു് ക്രിസ്തുമതത്തിന്റെ ഒരു പ്രധാന സ്ഥാനം. "ഞാനാണു് സത്യം", "എന്റെ പിന്നാലെ വരിക," "എന്നിൽ വിശ്വസിക്കുന്നവർ ആരും ഇരുളിൽ വസിയ്ക്കാതിരിപ്പാൻ ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരിയ്ക്കുന്നു." (യോഹ. 12: 46) ഇത്യാദികളിലാണു് ക്രിസ്തുമതത്തിന്റെ രഹസ്യം സ്ഥിതിചെയ്യുന്നതു്. ക്രിസ്തുവിലാണു് ക്രിസ്തുമതം നിർമ്മിതമായിരിക്കുന്നതു്.. "ദൈവവും മനുഷ്യനുമായുള്ള ബന്ധം സുരക്ഷിതമായിരിക്കേണ്ടതിനു് വെളിപാടു മുഖാന്തിരമായി ദൈവത്തിൽനിന്നും നല്കപ്പെട്ട വേദീയതത്വങ്ങളുടെ ഒരു സമാഹരണമാണു് ക്രിസ്തുമതം." (സുറിയാനി സഭാചരിത്രം ഒന്നാംവാല്യം. By വന്ദ്യദിവ്യശ്രീ അബ്ദൽ ആഹാദ് റമ്പാൻ ബർത്‌ലോമിയൊ; ഒന്നാംപതിപ്പു്, പേജ്: 550.)

## 4. ഏഴു ഘട്ടങ്ങൾ.

ക്രിസ്തുമതം ദൈവത്താൽതന്നെ സ്ഥാപിക്കപ്പെട്ടു് ക്രിസ്തുമതത്തിന്റെ പൂർത്തീകരണംവരെയുള്ള ചരിത്രത്തെ, ഒരുവിധത്തിൽ, ഏഴു ഘട്ടങ്ങളായി വിഭജിയ്ക്കാമെന്നു തോന്നുന്നു. അതു് ലോകാരംഭം മുതലുള്ളതാണു്. മനുഷ്യസൃഷ്ടിയോടുകൂടി ക്രിസ്തുമതത്തിന്റെ നിഴൽ കണ്ടുതുടങ്ങി. ആദ്യമാതാപിതാക്കന്മാരായ ആദാമും ഹാവായും അവരുടെ പാപവീഴ്ചക്കുമുൻപു് ഏദൻതോട്ടത്തിൽ വച്ചു് ദൈവവുമായി സംസർഗ്ഗത്തിലേപ്പെട്ടുകൊണ്ടിരുന്നു. പിന്നീടുണ്ടായിട്ടുള്ള സർവ്വ വെളിപാടുകളുടേയും പ്രാരംഭം ഇവിടെ ഉണ്ടായിട്ടുണ്ടെന്നു് പറയപ്പെടുന്നു. ദൈവവുമായുള്ള സംസർഗ്ഗമാണല്ലൊ എല്ലാ മതങ്ങളുടേയും ഉദ്ദേശ്യം. ഇക്കാലങ്ങളിലാണു് ക്രിസ്തീയസഭയുടെ ആദ്യഘട്ടം. എന്നാൽ കല്പനലംഘനത്താൽ അവർക്കു് ദൈവസംസർഗ്ഗം നഷ്ടപ്പെട്ടു; മനുഷ്യർ പാപികളുമായി. ആ പാപങ്ങളെ കഴുകിക്കളഞ്ഞു് മനുഷ്യവർഗ്ഗത്തെ ശുദ്ധീകരിക്കുവാൻ ദൈവം തന്റെ ഏകപുത്രനെ വാഗ്ദാനംചെയ്തു. ഈ വാഗ്ദാനമാണു് സഭയുടെ രണ്ടാമത്തെ പടി. ഈ വാഗ്ദാനത്തിന്റെ നിർവ്വഹണമായിട്ടു് രണ്ടായിരത്തോളം വർഷങ്ങൾക്കു മുൻപു് ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിച്ചു. ഈ മനുഷ്യാവതാരമാണു് മൂന്നാംഘട്ടം.

(തുടരും.)

# സമുദായവാർത്തകൾ

## പ്രതിധ്വനിയോഗവും സ്മരണദിനവും

മദ്രാസ് യാക്കോബായ സുറിയാനി പള്ളിയുടെ 1948—49-ലെ കലണ്ടർ അനുസരിച്ചു് പൂനമല വച്ചു് നടന്ന ധ്യാനയോഗത്തിന്റെ പ്രതിധ്വനിയോഗവും (Echo Meeting of the Retreat) സ്മരണദിനവും (Commemoration Day) 1948 നവമ്പർ 28-ാംനു- ഞായറാഴ്ച വി. കർബ്ബാനാനന്തരം വികാരി ബ. കെ. ഒ. തോമസ് കത്തനാർ അവർകളുടെ അദ്ധ്യക്ഷതയിൽ സെൻറു് മത്ത്യാസ് പള്ളിയുടെ പരിസരങ്ങളിൽവച്ചു് നടത്തുകയുണ്ടായി. ലഘുഭക്ഷണത്തെ തുടർന്നു് നടന്ന അദ്ധ്യക്ഷസ്ഥാനത്തുനിന്നുമുള്ള പ്രസംഗത്തിനുശേഷം മി. പി. എൻ. ചാക്കൊ ബി. എ., എൽ. ററി. സ്മരണദിനത്തിന്റെ പ്രാധാന്യതയെക്കുറിച്ചും എ. സി. വറുഗീസ് അവർകൾ തന്റെ പ്രസംഗമദ്ധ്യേ നാളിതുവരെ ഈ പള്ളിയെ സേവിച്ച പട്ടക്കാർ, ശെമ്മാശ്ശന്മാർ, വൈസ് പ്രസിഡൻറന്മാർ, ഖജാൻജിമാർ, സെക്രട്ടറിമാർ എന്നിവരെക്കുറിച്ചും ചുരുക്കം ചില അൽമായക്കാരെക്കുറിച്ചും സംക്ഷിപ്തമായ ഒരു വിവരണം നല്കുകയും ചെയ്തു. ആയതിനുശേഷം ധ്യാനയോഗത്തിൽ സംബന്ധിച്ചിരുന്നവരിൽ സ്ത്രീകൾ ഉൾപ്പെടെ 8 വ്യക്തികൾ തങ്ങൾക്കു് അവരവരുടെ ജീവിതത്തിൽ ഈ ചുരുങ്ങിയ ദിവസങ്ങൾകൊണ്ടു്, ദൈവസംസർഗ്ഗത്തിൽനിന്നും ലഭ്യമായ നവമായ ഒരു ഉണർവ്വിനെക്കുറിച്ചും ഓരോരുത്തരും അതിൻപ്രകാരം ഒരു ജീവിതത്തെ, സാത്താന്റെ പരീക്ഷകളാകുന്ന പ്രചണ്ഡമാരുതന്റെ പ്രതികൂലഗതിയെ തൃണവൽഗണിച്ചു് മുമ്പോട്ടു കൊണ്ടുപോകുവാൻ മുതിരുന്നതാണെന്നു് വാഗ്ദാനം ചെയ്കയും, അങ്ങിനെ ദൈവമുമ്പാകെ ഒരു വിജയകരമായ ജീവിതം നയിക്കുവാൻ ശേഷം അംഗങ്ങളോടു് തങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നതിനു് അഭ്യർത്ഥിക്കയും ചെയ്തു. അഗ്രാസനസ്ഥൻ തന്റെ ഉപസംഹാരപ്രസംഗവേളയിൽ ഒരു യഥാർത്ഥ ക്രിസ്ത്യാനി തന്റെ ജീവിതത്തെ പുരോഗമിപ്പിക്കേണ്ട ആവശ്യകതയെകുറിച്ചും അങ്ങിനെയുള്ള പോരാട്ടജീവിതത്തിൽ സംഭവ്യമാകാവുന്ന പരീക്ഷകളെ തരണം ചെയ്യുവാനുള്ള മാർഗ്ഗങ്ങളേയും നിർദ്ദേശിച്ചതുകൂടാതെ മുൻ ധ്യായയോഗം നടത്തുന്നതിനു് അവസരം തന്ന ദൈവത്തെ സ്തുതിക്കയും ആയതു നടത്തുന്നതിനു് ഈ പള്ളിയുടെ ആവശ്യാർത്ഥം വന്ന ബ. ഗീവർഗ്ഗീസ് കശ്ശീശാ അവർകളോടുള്ള സ്നേഹത്തേയും നന്ദിയേയും രേഖപ്പെടുത്തുകയും ചെയ്തു.

എന്നു്,
മദ്രാസ് യാക്കോബായ പള്ളി,
പ്രസിഡൻറു്.

## വിദ്യാർത്ഥികൾ നിരാശപ്പെടേണ്ട.

(കെ. പി. പോൾ റമ്പാൻ എം. എ., O. S. A.)

സഭാചന്ദ്രിക 9-ാം ലക്കത്തിൽ, യു. സി. കോളേജ് വിദ്യാർത്ഥി വി. എം. ഈപ്പൻ ഒരു ലേഖനം എഴുതിയിരുന്നല്ലൊ. അതിൽ "വിദ്യാർത്ഥിലോകത്തിന്റെ കാര്യത്തിൽ വന്ദ്യ മെത്രാപ്പോലീത്താ തിരുമേനിമാരും, ബ. അച്ചന്മാരും സമുദായ പ്രധാനന്മാരും, സാരമായ ശ്രദ്ധ പതിക്കാത്തപക്ഷം..." എന്നു് തുടങ്ങി എഴുതികാണുന്നുണ്ടു്. കൂടാതെ വിദ്യാർത്ഥിസംഘത്തിനു് ഒരു സഞ്ചാരസെക്രട്ടറി വേണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്.

സഭാചന്ദ്രിക 5-ാം ലക്കത്തിൽ 85-ാം പേജിൽ "കോളേജുകളിലും ഹൈസ്കൂളുകളിലുമുള്ള നമ്മുടെ യുവജനങ്ങൾക്കു് Retreat മുതലായവ നടത്തിയും, അവരുടെയിടയിൽ ഉത്തമ പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിച്ചും കൂടുതൽ ആത്മീകചൈതന്യമുളവാക്കുവാനുള്ള ഏർപ്പാടുകളും ഉടനെ ചെയ്യാനിരിക്കുന്നു"വെന്നു് സിറിയൻ ചർച്ച് റിവൈവൽ മൂവ്മെൻറു് സെക്രട്ടറി എഴുതിയിരുന്നതിലേയ്ക്കു് ഞാൻ മി. ഈപ്പന്റേയും ഇതര വിദ്യാർത്ഥികളുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. തൽകാര്യത്തിലേക്കു് റിവൈവൽ മൂവ്മെൻറു് അധികൃതരുടെ നിർബ്ബന്ധമായ അപേക്ഷപ്രകാരം ബലഹീനനായ ഞാൻ ബാവാ തിരുമേനിയാൽ വിദ്യാർത്ഥികളുടെ കാര്യത്തിനുവേണ്ടി നിയുക്തനായിരിക്കുന്നു. ഇനി വിദ്യാർത്ഥികൾ നിരാശപ്പെടേണ്ട. ഞാൻ കോളേജുകളിൽ സഞ്ചരിച്ചു് വിദ്യാർത്ഥികളെ സന്ദർശിച്ചുകൊണ്ടിരിക്കയാണു്.

കോളേജ് ഹോസ്റ്റലുകളിലും ഹൈസ്കൂളുകളിലുമുള്ള നമ്മുടെ യുവാക്കന്മാർ എന്നെ അറിയിച്ചാൽ ഞാൻ വന്നു് അവർക്കു് ധ്യാനം നടത്തുകയൊ, സ്റ്റഡിസർക്കിൾ ഉണ്ടാക്കികൊടുക്കുകയൊ, ഉള്ളതു് നടത്തുകയൊ ചെയ്വാൻ തയ്യാറാണു്. കൂടാതെ, പൊതുവെ ക്രിസ്തീയ വിദ്യാർത്ഥികൾക്കു് പ്രയോജനകരമാകത്തക്കവണ്ണം (Student today) എന്ന പേരിൽ 1 അണ വില വരുന്ന ഒരു ചെറുപുസ്തകം ഞാൻ അച്ചടിപ്പിച്ചിട്ടുള്ളതു് അവരുടെ ഇടയിൽ വിതരണം ചെയ്യുന്നുമുണ്ടു്.

യുവാക്കന്മാരായ വിദ്യാർത്ഥികൾക്കു് ആത്മീകവും സാന്മാർഗ്ഗികവുമായ കാര്യങ്ങളിൽ ആവശ്യമായ സകല നേതൃത്വവും നൽകുവാൻ ഞാൻ സദാ സന്നദ്ധനാണു്. അതിനുള്ള സൗകര്യങ്ങൾ വിദ്യാർത്ഥികളും അദ്ധ്യാപകന്മാരുംകൂടി ഉണ്ടാക്കി എന്നെ അറിയിച്ചാൽ ഞാൻ വന്നു് വേണ്ടതു ചെയ്തുതരാം.

എന്നു്,
കെ. പി. പോൾ റമ്പാൻ.

സുറിയാനി സിമ്മനാരിക്കു വേണ്ടിയുള്ള

# പിരിവു ലിസ്റ്റ്.

(തുടച്ച്)

## 21. ഇഞ്ചൂർ പള്ളി.

ഒരു രൂപാ സംഭാവന ചെയ്തവർ:–

പി. വക്കി, ചെട്ടിയാംകുടി വറുഗീസ്, ടി. മത്തായി, എം. മത്തായി, സാനിട്ടറി അസിസ്റ്റൻറ് തളിയാട്ടിൽ കുരിയൻ, ടി. ഉതുപ്പ്, ടി. വറുഗീസ്, പി. ചാക്കൊ, കെ. ഉലഹന്നാൻ, പൂമററത്തിൽ പൈലി, ടി. മത്തായി, കൊച്ചുകര മത്തായി, കെ. പൈലി, പുൽപ്പറമ്പിൽ സ്കറിയ, കരിക്കാട്ടുകുടി ചാക്കൊ, ടി. തൊമ്മൻ, ടി. വക്കി, ടി. ചാണ്ടി, കെ. ഉതുപ്പ്, ടി. പൈലി, കുന്നപ്പിള്ളി വക്കി, ടി. ചാക്കൊ, തേവൻമാറ വറുഗീസ്, കുന്നപ്പിള്ളി ചെറിയ, ചേലാട്ട് മാത്തു, കോലോത്തു് ചാക്കൊ, കരുമ്പത്തു് പൈലി, എം. ഈശൊ, എലവുംകുടി വക്കി, ടി. പൈലി, കെ. കുറിയാക്കൊ, ചേചാട്ട് വക്കി, പി. വക്കി. പരിയാരത്തു് ചാക്കൊ, ടി. ഇയ്യോബ്, ടി. പൈലി, എം. ഉലഹന്നാൻ, പി. വക്കി, പി. പൈലി, പി. ചാക്കൊ, പരിയാരത്തു് വറുഗീസ്, ടി. തോമ, പറനാലിൽ വക്കി, എം. ഔസേപ്പ്, കുളങ്ങരക്കുടി പൗലോസ്, കൊച്ചുകുടി ചെറിയ, മടത്തിക്കുടി മത്തായി, കുരുന്നപ്പിള്ളി ചാക്കൊ, കെ. കോര, കുരുന്നപ്പിള്ളി കുരിയാക്കൊ, ചെട്ടിയാംകുടി മത്തായി, ടി. വക്കി, ടി. ഈശൊ, ആലിപ്പിള്ളി പൈലി, ടി. ഏലി, ഒറവലക്കുടി കോരതു്, ടി. കുരിയാക്കൊ, ചെരങ്ങയാം പൈലി, കാളാക്കുടി ഇയ്യോബ്, ററി. വക്കി, കെ. ഔസേപ്പ്, പുന്നേക്കോട്ടയിൽ സ്കറിയ, തേക്കിലക്കാട്ട് കോരതു്.

രണ്ടു രൂപാ സംഭാവന ചെയ്തവർ:–

ചെട്ടിയാംകുടി വക്കി, എടമാത്തിൽ വക്കി, ചേനക്കര പൈലി, കൊച്ചുപുരയിൽ പൈലി, വട്ടപ്പറമ്പിൽ മത്തായി, ആര്യപ്പിള്ളിയിൽ കുരുവിള, പുന്നേക്കോട്ടൽ പൈലി, മോഴേൽ ഐപ്പ്, കുരുന്നപ്പിള്ളി ഐപ്പ്, കെ. വക്കി, ചെറുകര സ്കറിയ, പി. പൈലി, കെ. ഉലഹന്നാൻ, ആലിപ്പിള്ളി വക്കി, കെ. സ്കറിയ, കൂമുള്ളിൽ ജോസഫ്, ചെറുകര വക്കി, പാടത്തിക്കുടി കുരിയാക്കൊ.

അഞ്ചു രൂപാ സംഭാവന ചെയ്തവർ:–

കുരുട്ടുകുളത്തിൽ ഉതുപ്പ്, കുരുന്നപ്പിള്ളി മാത്തൻ, കരിമ്പനായ്ക്കൽ മത്തായി, ടി. പൈലി, പാടത്തിക്കുടി വക്കി, ടി. കുരിയാക്കൊ, പടിക്കാമററം വക്കി, ആര്യപ്പിള്ളി പൈലി, ടി. ജോസഫ്, കാളാക്കുടി പൈലി, കൂമുള്ളിൽ ചാക്കൊ, കുഴിയ്ക്കാട്ടിൽ പൈലി.

പത്തു രൂപാ സംഭാവന ചെയ്തവർ:–

ചേനക്കര പൈലി, കുരുട്ടുകുളത്തിൽ ഐപ്പ്.

ഇരുപതു രൂപാ സംഭാവന ചെയ്തവർ:–

ചെറുകര ബ. മത്തായികത്തനാർ, ആര്യപ്പിള്ളിയിൽ ബ. ജോസഫ് കത്തനാർ.

ഇരുപത്തഞ്ചു രൂപാ സംഭാവന ചെയ്തവർ:–

അന്ത്യനാട്ടുകുടിയിൽ മാത്തു തൊമ്മൻ.

സമ്മതിച്ച തുക 101 രൂപാ. വരവ് 25 രൂപാ.

| | |
|---|---|
| ഒരു രൂപായിൽ താഴെ സംഭാവന | 13 രു. 8 ണ. 10 സ |
| ആകെ ടി. പള്ളിയിൽനിന്നും വരവ് | 258 — 8 — 10 |
| മുൻ ലിസ്റ്റുംപടി | 8000 — 0 — 2 |
| നാളതുവരെ ആകെ | 8258 — 9 — 0 |

കല്പനപ്രകാരം പൌലൂസ് ശെമ്മാശ്ശൻ

# മാസികവരിസംഖ്യ മുഴുവനുമായൊ ഭാഗമായൊ അടച്ചവരുടെ ലിസ്റ്റ്.

(തുടച്ച്)

257. മി. കെ. ഒ. മാത്യു, കീച്ചേരി, മുടക്കുഴ, കുറുപ്പംപടി. 258. മി. കെ. ടി. മാണി, കരവട്ട പുന്നമററത്തിൽ, പണ്ടപ്പിള്ളി, ആരക്കുഴ. 259. മി. പി. ടി. വർഗ്ഗീസ്, വക്കീൽ, പെരുമ്പാവൂർ. 260. മി. പി. ഇ. ഡേവിഡ് M. A., L. T., പനയ്ക്കൽ, കുന്നംകുളം. 261. മി. പി. ഐ. പൗലോസ്, നടുവത്തുമുറിയിൽ വീട്, അയ്യമ്പിള്ളി. 262. മി. ടി. ഒ. ഫിലിപ്പ്, പരുത്തിക്കാട്ടുവീട്, നീലംപേരൂർ. 263. മി. എം. ഇ. പൈലി, മുക്കണ്ണഞ്ചേരി, വെങ്ങോല, പെരുമ്പാവൂർ. 264. മി. ടി. കെ. സഖറിയ, താമരപ്പിള്ളിൽ, കല്ലിശ്ശേരി. 265. മി. ഉതുപ്പ് ഉലഹന്നൻ, മുത്തുപതിയ്ക്കൽ വീട്, ഇടയാർ, കൂത്താട്ടുകുളം. 266. മി. കെ. സി. പൈലി, പനയ്ക്കലോടി, കാക്കനാട്ട്, ഇടപ്പിള്ളി. 267. മി. എം. സി. കൊച്ചുവക്കി, Piece-goods Merchant, അയ്യമ്പിള്ളി. 268. മി. കെ. സി. ചാക്കൊ, കരവട്ട്, Golden Industries, ചിങ്ങവനം. 269. ദിവ്യശ്രീ മൈലപ്പിള്ളി യാക്കോബ് കത്തനാർ, പാറപ്പുഴ, കഞ്ഞിക്കുഴി. 270. ദിവ്യശ്രീ എം. ജെ. ജോസഫ് കത്തനാർ, മണലേൽ, തിരുവഞ്ചൂർ, ഏററുമാനൂർ. 271. മി. സി. ഐ. ജോസഫ്, Village Union Clerk, ചമ്പോന്തയിൽ, കൂത്താട്ടുകുളം. 272. മി. ഉലഹന്നൻ ഉലഹന്നൻ, കരവട്ട് ഉപ്പുഴക്കാട്ട്, കൂത്താട്ടുകുളം 273. Mr T. A. Jacob L. E. E., Senior Instructor (Engineering). C. A. M. High School, Kondanoor. Ramnad Dist. 274. Dr. K. V. Kakku L. M. P., 88, Kallampatrai Street. Srirangam. 275. മി. കെ. സി. ജോസഫ്, Merchant, കുറുപ്പംപടി. 276. മി. ചാക്കൊ വക്കി, ആലുക്കൽ, പിച്ചാനിക്കാട്ട്, അങ്കമാലി. 277. മി. പി. സി. വർഗ്ഗീസ്, B. A., B. L., Advocate, N. പറവൂർ. 278 ദിവ്യശ്രീ ജോസഫ് കത്തനാർ, കാററിപ്പുഴ, കാരക്കുന്നം, മൂവാററുപുഴ. 279. മി. പി. വി. തോമസ്, തളിയ Clerk, District Court, കോട്ടയം. 280. മി. എം. എസ്സ്. പൗലോസ്, പന്നക്കുളത്തിൽ, ആട്ടുക്കര, കൈപ്പുഴ 281. മി. മത്തായി വക്കി, തച്ചമററം, കോതമംഗലം. 282. ദിവ്യശ്രീ യാക്കോബ് കത്തനാർ, കന്നത്തു്, മുളവൂർ, കോതമംഗലം. 283. മി. ടി. പി. അപ്പ് B. A., L. T., പിറവം. 284. Mr. K. K. George, No. 108. West Park Road, Malleswaram, Bangalore. 285. Mr. V. A. Varkey, 28. Aundh Road, Kirkee, Poona 3. 286. മി. കെ. ഐ. മാത്യു, ആയുർവേദ വൈദ്യശാല, കരിയാട്ട്, ചെങ്ങമനാട്ട്. 287. മി. എം. കെ. ജോസഫ്, മുതിരക്കാല കമ്മാനിത്രമാലി, വെങ്ങോല, പെരുമ്പാവൂർ 288. മി. എം. പി. വക്കി, മുതിരക്കാലായിൽ, വെങ്ങോല, പെരുമ്പാവൂർ. 289. മി. കെ. മി. ജോൺ, പാറപ്പത്യകാർ, വെങ്ങോല, പെരുമ്പാവൂർ. 290. ദിവ്യശ്രീ ഗീ വറുഗീസ് കത്തനാർ, തോമ്പ്രയിൽ തുരുത്തിപ്പിള്ളി, വെങ്ങോല, പെരുമ്പാവൂർ. 291. ദിവ്യശ്രീ വി. സി. ഗീവർഗ്ഗീസ് കത്തനാർ, പെരിയ്ക്കാട്ടുശ്ശേരി, ചെങ്ങമനാട്ട്. 292. മി. പി. ററി. കോര, പുത്തൻപുരയിൽ, വാളകം, മൂവാററുപുഴ. 293. മി. കുരുവിള സഖറിയ, ആറൊന്നിൽവീട്, റാന്നി, അങ്ങാടി (A. O.) 294. മി. പി. എ. സ്കറിയാ, പടിഞ്ഞാറയിൽ, കൂത്താട്ടുകുളം. 295. മി. കെ. ററി. തോമസ്, കേളച്ചന്ത, ചിങ്ങവനം. 296. മി. മത്തായി സ്കറിയ, വേങ്ങതൊട്ടിയിൽ, ഇടയാർ, കൂത്താട്ടുകുളം. 297. Dr. കെ. സി. പൗലോസ്, Dental Surgeon, മാർക്കററ് റോഡ്, എറണാകുളം. 298. മി. എം. സി. ജോൺ, മാന്നാക്കുഴിയിൽ, കന്നേററുകര, അയിരൂർ. 299. മി. പി. എം. വർഗ്ഗീസ്, പട്ടളാട്ട്, വെങ്ങോല, പെരുമ്പാവൂർ. 300. മി. എം. സി. കോരതു്, മുണ്ടക്കോട്ടയ്ക്കൽ, ചേന്നയ്ക്കൽ, റാന്നി. 301. മി. കെ. പി. കോരതു്, ഫെഡറൽ ബാങ്ക്, ആലുവാ. 302. മി. യോയാക്കി ചെറിയ, കയ്യമ്പാട്ടുവീട്, ചെങ്ങമനാട്ട്.

മാനേജർ: ബ: കോച്ചേരിൽ വറുഗീസ് കത്തനാർ, തൃക്കുന്നത്തു സിമ്മനാരി, ആലുവാ.

പത്രാധിപർ: ബ: വി. സി. ഗീവറുഗീസ് കത്തനാർ B. A., തൃക്കുന്നത്തുസിമ്മനാരി, ആലുവാ.

Printed at the S. G. Press, Parur & Published at Alwaye by Rev. Fr. V. C. Gheevarghese.